# നവോത്ഥാന നർത്തകർ

Malayalam

NAVODHANA NARTHAKAN

Natyacharyan Oachira Sankaran Kutty

Life Story

by Sancharsree Chandra Mohanan

| | | |
|---|---|---|
| First Published | : | August 2016 |
| Cover Design | : | Artist C. Rajendran |
| Type Set at | : | Nandoos Graphics, Oachira |
| Photos | : | Ambadi Oachira |
| Printed at | : | |
| Published by | : | The Author |

All rights reserved

This book may not be translated or copied in whole or in part without the permission of the author

| | | |
|---|---|---|
| Copies | : | 1500 |
| Price | : | Rs. 100 |

# നവോത്ഥാന നർത്തകൻ

നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടി

ജീവചരിത്രം

*സഞ്ചാർശ്രീ ചന്ദ്രമോഹനൻ*

**കേ**രള നവോത്ഥാന കാലത്ത് കഥകളിയും നൃത്തവും നാടകവും സമന്വയിപ്പിച്ച് നൃത്തനാടകമാക്കി, ഉച്ചനീചത്വത്തിനും അനീതിക്കും അനാചാരങ്ങൾക്കുമെതിരേ കലാവിപ്ലവം കൊയ്ത നവോത്ഥാന നർത്തകൻ...

ജെമിനി സ്റ്റുഡിയോയുടെ തമിഴ്, ഹിന്ദി സിനിമകളിലും ഉദയശങ്കർ-അമലാശങ്കർ ദേശീയ നൃത്തസംഘത്തിലും വേഷമിട്ട് ഭാരതീയ നൃത്തത്തിന്റെ യശസ്സ് ഉയർത്തി.

ഗുരുഗോപിനാഥ് രൂപകല്പന ചെയ്ത കേരളനടനത്തിന്റെ ആദ്യകാല പ്രയോക്താക്കളിൽ പ്രമുഖനും പ്രചാരകനും. കേരളനടനത്തെ മുഖ്യധാരയിൽ എത്തിക്കാൻ നിർണ്ണായക പങ്കുവഹിച്ചു. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഒരു പവൻ പുരസ്കാരം ഏർപ്പെടുത്തി കേരളനടനം പ്രോത്സാഹിപ്പിച്ചു.

കഥകളിനടൻ, നർത്തകൻ, നൃത്തസംവിധായകൻ, കവി, നോവലിസ്റ്റ്, നാടകകൃത്ത്, അഭിനേതാവ് എന്നീ മേഖലകളിൽ വ്യാപരിച്ച്, എഴുപത്തഞ്ചുവർഷക്കാലത്തെ കലാ-സാഹിത്യ-സാംസ്കാരിക ജീവിതത്തിന്റെ അനുഭവസമ്പത്തുള്ള സകലകലാവല്ലഭൻ ആയിരുന്നു നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടി.



**നാട്യാചാര്യൻ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി**
(1926 സെപ്റ്റംബർ 19 – 2013 മേയ് 16)

## സഞ്ചാർശ്രീ ചന്ദ്രമോഹനൻ

നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടിയുടെ മകൻ. 1948ൽ ജനനം. കൃഷ്ണപുരം ജൂനിയർ ടെക്നിക്കൽ സ്കൂളിൽനിന്നും ആദ്യബാച്ചിൽ ജെ.റ്റി.എസ്.എൽ.സി., ആലപ്പുഴ കാർമൽ പോളിടെക്നിക്കിൽനിന്ന് മെക്കാനിക്കൽ എൻജിനിയറിംഗ് ഡിപ്ലോമയിൽ ഉന്നത വിജയം. ഇന്ത്യൻ പോസ്റ്റ് & ടെലിഗ്രാഫ് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികമ്മ്യൂണിക്കേഷൻ, ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ് എന്നിവിടങ്ങളിൽ സേവനം. ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് വന്നിട്ടുള്ള വികസനത്തിൽ നിർണ്ണായക പങ്കുവ ഹിച്ചു. മികവുറ്റ സേവനത്തിന് 1990ൽ സഞ്ചാർശ്രീ പുര സ്കാരവും 2005ൽ സഞ്ചാർ സേവ പഥക് പുരസ്കാരവും ലഭിച്ചു. 2008ൽ സബ് ഡിവിഷണൽ എൻജിനീയർ ആയി രിക്കെ വിരമിച്ചു. ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ ദേശീയ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ഡി.ഒ.റ്റി-ബി.എസ്.എൻ.എൽ പെൻഷനേഴ്സ് അസോസി യേഷൻ കരുനാഗപ്പള്ളി ശാഖാ സെക്രട്ടറി, കേരള സീനി യർ സിറ്റിസൺസ് ഫോറം യൂണിറ്റ് പ്രസിഡന്റ്, കരുനാഗ പ്പള്ളി സർഗ്ഗചേതനയുടെയും ചങ്ങൻകുളങ്ങര ഐക്യകേ രള ഗ്രന്ഥശാലയുടെയും കാര്യനിർവ്വഹണ സമിതി അംഗം, എൻ.എസ്.എസ്. കരയോഗം എച്ച്.ആർ.കൺവീനർ എന്നിങ്ങനെ കലാ-സാഹിത്യ-സാംസ്കാരിക, സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവം.


ഭാര്യ : സുകുമാരി അമ്മ

മക്കൾ : ലേഖ, ഹരികുമാർ

വിലാസം : പരമേശ്വര മന്ദിരം
വലിയകുളങ്ങര
ഓച്ചിറ - 690 526

ഫോൺ : 9447474222, 0476-269 2222

# ഉള്ളടക്കം


1. ബാല്യം

2. കഥകളി പഠനം

3. നർത്തകനാകാൻ മദ്രാസിൽ, ചെന്നെത്തിയത് സിനിമയിൽ

4. നവോത്ഥാന നർത്തകൻ

5. ദേശീയ നൃത്തരംഗത്ത്

6. കേരളനടന പ്രയോക്താവും പ്രചാരകനും

7. മനുഷ്യവിമോചനത്തിന് സർഗ്ഗാത്മക സാഹിത്യം

8. മാതാപിതാക്കളുടെ ദേഹവിയോഗം

9. കലാദർപ്പണവും ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യയും

10. അംഗീകാരങ്ങൾ

11. ജീവിതസായാഹ്നം





# 1. ബാല്യം

കൊല്ലം ജില്ലയിൽ വലിയകുളങ്ങര ദേവീക്ഷേത്ര പരിസരത്ത്, പുരാതന തറവാട്ടുകാരണവർ കണ്ടല്ലൂർ പരമേശ്വരപ്പണിക്കരുടെയും കുട്ടി അമ്മയുടെയും അഞ്ചുമക്കളിൽ അഞ്ചാമനായി 1926 സെപ്തംബർ 19ന് ശങ്കരൻകുട്ടി ജനിച്ചു. അഞ്ചാം വയസ്സിൽ വിദ്യാരംഭം. മണലിൽ കൈപിടിച്ചെഴുതിച്ചത് പനക്കലാശാൻ.

വലിയകുളങ്ങര മുസ്ലിം എൽ.പി.സ്കൂളിൽ (ഇപ്പോൾ ഗവൺമെന്റ് എൽ.പി.സ്കൂൾ) പ്രാഥമിക വിദ്യാഭ്യാസം. പ്രധാന അദ്ധ്യാപകൻ വേലായുധൻപിള്ള സാർ. വിശേഷ ദിവസങ്ങളിൽ അദ്ദേഹം കുട്ടികളെ കളികളിലും മത്സരങ്ങളിലും പങ്കെടുപ്പിച്ചിരുന്നു. ശങ്കരൻകുട്ടിയിൽ കലാമുകുളങ്ങൾ വിരിയുന്നതിന്റെ രഹസ്യം അവന്റെ അച്ഛന് ക്ഷേത്രകലയുമായി ബന്ധമുണ്ടെന്നതാണെന്ന് അദ്ധ്യാപകർ കേട്ടറിഞ്ഞു.

നാലാംക്ലാസ്സിൽ എത്തിയപ്പോഴേക്കും സ്കൂളിലെ മിക്ക കലാപരിപാടികളിലേയും മുഖ്യവേഷക്കാരൻ ശങ്കരൻകുട്ടിയായി. പാഠപുസ്തകത്തിലെ 'ദുർവ്വാസാവിന്റെ ഭിക്ഷ'യെന്ന പാഠഭാഗം നാടകമാക്കി കുട്ടികളെക്കൊണ്ട് കളിപ്പിച്ചു. ദുർവ്വാസാവിന്റെ വേഷംകെട്ടിയത് ശങ്കരൻകുട്ടി. വെളുത്തുതുടുത്ത് സുന്ദരനായ ശങ്കരൻകുട്ടിയുടെ ആംഗ്യവും ഭാവവുമെല്ലാം അദ്ധ്യാപകരേയും കൂട്ടുകാരേയും സന്തോഷിപ്പിച്ചു. അവർ കുട്ടിയെ അഭിനന്ദിച്ചു. ഈ അനുഭവം ശങ്കരൻകുട്ടിയുടെ മനസ്സിൽ ഒളിഞ്ഞുകിടന്ന കഥകളിമോഹം കലശലാക്കി.

സ്കൂളിലുണ്ടായ വിശേഷം ശങ്കരൻകുട്ടി വീട്ടിൽ അറിയിച്ചു. ഇനി സ്കൂളിൽ പോകില്ലെന്നും കഥകളി പഠിക്കാനാണ് മോഹമെന്നുംമറ്റും. മകനെ അദ്ധ്യാപകനാക്കാൻ ആഗ്രഹിച്ച അച്ഛൻ പൊട്ടിത്തെറിച്ചു. "കഥകളിയിലാണ് കണ്ണെങ്കിൽ പടിക്കുപുറത്ത്" അദ്ദേഹം അന്ത്യശാസനം നൽകി.

ചങ്ങൻകുളങ്ങര, ശങ്കരൻകുട്ടിയുടെ വീടിനോട് ചേർന്ന് തൊട്ടടുത്തഗ്രാമം. വൈകിട്ട് കേളികൊട്ടിയാൽ ഒൻപതിന് കഥകളി ആരംഭിക്കാൻ വേണ്ടത്ര കലാകാരന്മാരും കഥകളിയോഗവും ഉണ്ടായിരുന്ന ചങ്ങൻകുളങ്ങരയുടെ പ്രതാപകാലം. തിളക്കമാർന്ന വേഷഭൂഷാദികളും ചേങ്കിലയും ഇലത്താളവും മദ്ദളവും ചെണ്ടയും ചേർന്നുണ്ടാക്കുന്ന താളനിബദ്ധമായ വാദ്യമേളംകൊണ്ടും ചതുർവിധ അഭിനയസിദ്ധികൾകൊണ്ടും ശ്രുതിമധുരമായ സോപാന സംഗീതംകൊണ്ടും സമ്പുഷ്ടമായ നമ്മുടെ സ്വന്തം കഥകളി. സാക്ഷാൽ കലയുടെ സ്വർഗ്ഗീയാനുഭൂതി തൊട്ടറിഞ്ഞ ഗ്രാമം.

ശങ്കരൻകുട്ടിയുടെ വീടിനു മുൻപിൽ വലിയകുളങ്ങര ദേവീക്ഷേത്രം. മുപ്പത്തിരണ്ടുകോൽ വരെ ഉയരമുള്ള കെട്ടു കുതിരയെ വയലോരത്തെ ശർക്കരമാവിൻചുവട്ടിൽ കെട്ടി ഉയർത്തി താള-മേള-വാദ്യ-ഘോഷങ്ങളുടെ അകമ്പടി യോടെ എഴുന്നള്ളിച്ച്, കെട്ടുകാഴ്ച ഉത്സവം കൊണ്ടാടിയി രുന്ന ഓണാട്ടുകരയിലെ പ്രശസ്തമായ ദുർഗ്ഗ - ഭദ്ര ഭഗവ തിക്ഷേത്രം. അന്ന് അവിടെ ആണ്ടിൽ അഞ്ചാറ് കഥകളി യെങ്കിലും ആടാറുണ്ട്.



അച്ഛനും അമ്മയും

സന്ധ്യകഴിഞ്ഞ് ആട്ടവിളക്ക് തെളിഞ്ഞാൽ, നേരം വെളുക്കുംവരെ കഥകളി. ആട്ടവും പാട്ടും അരങ്ങ് തകർത്തു. കളിവിളക്ക് കത്തിജ്വലിച്ചു. കേളികൊട്ടിന്റെയും മേളപ്പദത്തിന്റെയും മധുര മംഗള നാദം ഉർന്നുപൊങ്ങി. കമലദളങ്ങൾ പൂത്തുലഞ്ഞു. ഹസ്തമുദ്രാമുകുളങ്ങൾ വിരിഞ്ഞു. നാട്യ, നൃത്യ, നൃത്തങ്ങളുടെ കളകളധ്വനി അമൃതബിന്ദുക്കൾപോലെ മധുരിമ പകർന്നു. കണ്ണും കാതും കുളിരണിഞ്ഞു. കലാലോകം അനല്പമായ ആനന്ദമൂർച്ഛയിൽ ലയിച്ചമർന്നു. ക്ഷേത്രാങ്കണത്തിൽ നാട്യലഹരി പതഞ്ഞൊഴുകി. ഇതെല്ലാം കണ്ടും കേട്ടും നടന്ന ശങ്കരൻകുട്ടിക്ക് കഥകളിയിൽ കമ്പം കയറുക സ്വാഭാവികം .

അടുത്ത ദിവസം സ്കൂളിൽപോയ ശങ്കരൻകുട്ടി വൈകിട്ട് വീട്ടിൽ തിരിച്ചെത്തിയില്ല. കുട്ടിയെ കാണാനില്ലെന്ന വിവരം കാട്ടുതീപോലെ നാട്ടിൽ പരന്നു. വീട്ടുകാർ പരിഭ്രാന്തരായി നാലുപാടും ഓടി. ശങ്കരൻകുട്ടി 'കഥകളി' എന്ന നാലക്ഷരം ഉരുവിട്ട് നേരെപോയത് അടുത്തഗ്രാമത്തിലെ കഥകളി പഠനക്കളരി- കഥകളിയോഗം മാനേജർ കൊറ്റമ്പള്ളി ഇരുപ്പക്കൽ പുത്തൻവീട്ടിൽ കുഞ്ഞുശങ്കരപ്പണിക്കർ കാരണവരുടെ വീട്ടിലേക്കായിരുന്നു.

കാരണവരുടെ കാൽക്കൽവീണു കരഞ്ഞ് ശങ്കരൻകുട്ടി കാര്യം പറഞ്ഞു, "എനിക്ക് കഥകളി പഠിക്കണം. അച്ഛന്റെ അനുമതിയില്ലാതെയാണ് വന്നിരിക്കുന്നത്. ഞാൻ തിരികെ പോകില്ല." കാരണവർ അച്ഛനെ വരുത്തി വിവരമറിയിച്ചു. കരപ്രമാണിയും കലാസ്നേഹിയുമായ കാരണവർ ഉറപ്പുനൽകി. "കുട്ടി ഇവിടെ നിൽക്കട്ടെ, എല്ലാം ശരിയാകും." മനസ്സില്ലാമനസ്സോടെ അച്ഛൻ വീട്ടിലേക്കു മടങ്ങി. ശങ്കരൻകുട്ടിയുടെ സ്കൂളും മുടങ്ങി ●



## 2. കഥകളി പഠനം

പ്രശസ്ത കഥകളി ആചാര്യൻ കറ്റാനം രാമൻപിള്ള ആശാന് ഗുരുദക്ഷിണ നൽകി കച്ചയും മെഴുക്കും വാങ്ങി. കൊറ്റമ്പള്ളി ഇരുപ്പയ്ക്കൽ പുത്തൻവീട്ടിൽ കഥകളിയോഗം- പഠനക്കളരിയിൽ ഗുരുകുല സമ്പ്രദായത്തിൽ കഥകളി അഭ്യസിച്ചു തുടങ്ങി. ആട്ടവിളക്കിന്റെ ദീപപ്രഭയിൽ മിന്നിത്തിളങ്ങുന്ന ആടയാഭരണങ്ങളും കിരീടവും മറ്റും ദൂരെനിന്നുമാത്രം കണ്ടറിഞ്ഞ ശങ്കരൻകുട്ടി, തൊട്ടടുത്തു നിന്ന് അതെല്ലാം കാണാനും തൊടാനും എടുക്കാനും സാധിച്ചതിൽ സന്തോഷിച്ചു.

ഏറെ അച്ചടക്കത്തോടും സൂക്ഷ്മതയോടും അഭ്യസിക്കേണ്ട കലാരൂപമാണ് കഥകളി. പഠനം ഏറെ ദുഷ്കരമായിരുന്നു. ഓച്ചിറ പടനിലത്തുനിന്നും ഹരിനാമകീർത്തനം ഉയരുന്ന ബ്രാഹ്മമുഹൂർത്തത്തിൽ ആരംഭിച്ച് ത്രിസന്ധ്യ

വരെയായിരുന്നു സമയക്രമം. ആയാസച്ചാട്ടം, അംഗപ്രത്യംഗ ഉപാംഗ അഭിനയം, മെയ്യ് സാധകം, ചുവടുസാധകം, പാദമുദ്രാ പഠനങ്ങൾ, കണ്ണുസാധകം എന്നിങ്ങനെയായിരുന്നു പഠനക്രമം.

കഥകളിയുടെ പ്രാഥമിക പഠനങ്ങൾ നടക്കുന്നതോടൊപ്പം അണിയറയിൽ ചെയ്യേണ്ട ചില വിദ്യകളും പഠിക്കാനുണ്ട്. കഥകളിവേഷത്തിന് മുഖത്ത്



കറ്റാനം രാമൻപിള്ള ആശാൻ

തേയ്ക്കാനുള്ള മനയോലയരച്ച് ചായംചേർത്ത് 'മിനുക്ക്' തയ്യാറാക്കണം. അരിമാവുകൊണ്ട് മുഖത്ത് ചുട്ടികുത്താനറിയണം. കണ്ണുചുമപ്പിക്കാൻ ചുണ്ടപ്പൂവ് തയ്യാറാക്കുന്നവി

ധവും പഠിക്കാനുണ്ട്. കഥകളിക്കോപ്പുകൾ നിറച്ച് ആട്ട പ്പെട്ടികൾ തലച്ചുമടിൽ നിരനിരയായി കളിസ്ഥലത്തേക്ക് കൊണ്ടുപോകുന്നത് ശങ്കരൻകുട്ടി കൗതുകത്തോടെ നോക്കിനിന്നിട്ടുണ്ട്.

രണ്ടുവർഷത്തെ തീവ്രപരിശീലനം കഴിഞ്ഞപ്പോൾ മിക്കകഥകളിലേയും ചെറുവേഷങ്ങൾ ചെയ്യാൻ ശങ്ക രൻകുട്ടി പ്രാപ്തനായി. ശങ്കരൻകുട്ടിയുടെ കുട്ടിത്തവും ആകാരഭംഗിയും സൗന്ദര്യമുള്ള കണ്ണുകളും മുഖകാന്തിയു മെല്ലാം ആശാന് നന്നേപിടിച്ചു. പദങ്ങളും മുദ്രകളും ഹൃദി സ്ഥമാക്കാനുള്ള കഴിവുകൂടി ആയപ്പോൾ കുട്ടി നല്ലൊരു കഥകളി നടൻ ആകുമെന്ന് ആശാൻ അച്ഛനെ അറിയിച്ചു. അച്ഛൻ ആശ്വസിച്ചു. മകൻ മിടുക്കനായല്ലോ!

ത്രേതായുഗത്തിൽ പരശുരാമൻ പ്രതിഷ്ഠിച്ച പ്രാചീന ശിവക്ഷേത്രമായ ചങ്ങൻകുളങ്ങര മഹാദേവക്ഷേത്രത്തിൽ അരങ്ങേറ്റം. അച്ഛനും ഗുരുവിനും കഥകളി പഠനക്കളരി കാരണവർക്കും ദക്ഷിണ നൽകി. രുഗ്മിണീസ്വയംവര ത്തിലെ രുഗ്മന്റെ വേഷം കെട്ടിയാടി. തികഞ്ഞ ആത്മവി ശ്വാസത്തോടെയാണ് ശങ്കരൻകുട്ടി അരങ്ങിൽനിന്ന് അണി യറയിൽ എത്തിയത്. അടുപ്പക്കാർ അടുത്തുപിടിച്ച് അനു മോദിച്ചു. സമ്മാനങ്ങൾ നൽകി അനുഗ്രഹിച്ചു.

പ്രശസ്ത കഥകളി പണ്ഡിതരും ഗുരുക്കന്മാരുമായി രുന്ന പന്നിശ്ശേരി നാണുപിള്ള, ചീരാഴി രാഘവൻപിള്ള ആശാൻ, ക്ടാക്കോട്ട് മഹേശ്വരൻ പോറ്റി എന്നിവരുടെയ ടുത്ത് ഉപരി പഠനം.

ആട്ടക്കഥാകാരനും സംസ്കൃത പണ്ഡിതനുമായിരുന്ന പന്നിശ്ശേരി നാണുപിള്ള നൽകിയ ശിക്ഷണം ആട്ടക്കഥാ സാഹിത്യത്തിലും സംസ്കൃത ഭാഷയിലും പാണ്ഡിത്യം നേടാൻ ശങ്കരൻകുട്ടിയെ സഹായിച്ചു. നിഴൽക്കുത്ത്, ഭദ്ര കാളീവിജയം, പാദുക പട്ടാഭിഷേകം, ശ്രീശങ്കരവിജയം എന്നീ ആട്ടക്കഥകളും സൂര്യശതകം സംസ്കൃത കൃതിയുടെ മലയാള പരിഭാഷയും 'കഥകളിപ്രകാരം' എന്ന ലക്ഷണ ഗ്രന്ഥവും പന്നിശേരിയുടെ പ്രധാന കൃതികൾ. ചട്ടമ്പിസ്വാമികളിൽനിന്ന് തർക്കജടില ഗ്രന്ഥങ്ങളും നീലകണ്ഠതീർത്ഥ പാദസ്വാമികളിൽനിന്ന് വേദാന്തദർശന ഗ്രന്ഥങ്ങളും അഭ്യസിച്ചു. മലയാളഭാഷയ്ക്കും കഥകളി സാഹിത്യത്തിനും പന്നിശേരി നൽകിയ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്.

'ആട്ടക്കാരൻ ആശാൻ' എന്ന് ആസ്വാദകർ ആർത്തുവിളിച്ച ചീരാഴി രാഘവൻപിള്ള ആശാൻ. ചൊല്ലിയാട്ടം, അഷ്ടകലശ ലയവിന്യാസം, ഹസ്തമുദ്രകൾ, ചുവടുസാധകം, ലാസ്യം, താണ്ഡവം എന്നിവയും തെക്കൻ-വടക്കൻ ചിട്ടകളും ശങ്കരൻകുട്ടിയെ അഭ്യസിപ്പിച്ച് തലയിൽ കൈവച്ച് അനുഗ്രഹിച്ചു. ചങ്ങൻകുളങ്ങരയിൽ കളിയോഗം സ്ഥാപിച്ച ആശാൻ കഥകളിയുടെ പ്രതാപം നിലനിർത്തി.

കഥകളി ആചാര്യനും സംസ്കൃത പണ്ഡിതനുമായിരുന്ന ക്ടാക്കോട്ടു മഹേശ്വരൻ പോറ്റി ഓച്ചിറയ്ക്കടുത്ത് പടിഞ്ഞാറെ കാപ്പിൽ ജനിച്ചു. അരങ്ങൗചിത്യം, കഥകളി മനോധർമ്മം എന്നിവയിൽ ശങ്കരൻകുട്ടിക്ക് ബോധവൽക്കരണം നൽകി. അന്നത്തെ നടന്മാരിൽ ഗണ്യമായസ്ഥാനം നേടിയിരുന്ന ഇദ്ദേഹം ക്ടാക്കോട്ട് പോറ്റിയെന്ന് അറിയപ്പെട്ടു. പോറ്റിയുടെ മന്ഥര പ്രസിദ്ധ വേഷമായിരുന്നു.

കലാമണ്ഡലം കൃഷ്ണൻ നായർ, ചെങ്ങന്നൂർ രാമൻപിള്ള ആശാൻ, കുടമാളൂർ കരുണാകരൻ നായർ, മങ്കൊമ്പ് ശിവശങ്കരപ്പിള്ള, മാങ്കുളം വിഷ്ണു നമ്പൂതിരി തുടങ്ങിയവരുമൊത്ത് പതിനഞ്ചു വർഷത്തോളം കഥകളിയരങ്ങുകൾ പങ്കിട്ടു. പൂതനാമോക്ഷം, നരകാസുരവധം എന്നീ കഥകളിലെ ലളിതമാർ, കീചകവധത്തിലെ സൈരന്ധ്രി, നളചരിതത്തിലെ ദമയന്തി തുടങ്ങിയ സ്ത്രീവേഷങ്ങളിൽ തിളക്കമാർന്ന അഭിനയം കാഴ്ചവച്ചു. ആരേയും മയക്കുന്ന സ്ത്രൈണ ലാവണ്യത്തിന്റെയും മുഖകാന്തിയുടെയും അഭിനയചാതുരിയുടേയും ഉടമയായിരുന്നു ശങ്കരൻകുട്ടി.



ഗാംഭീര്യം

ഉത്തരാസ്വയംവരത്തിലെ ബൃഹന്നള, ദക്ഷയാഗത്തിലെ ദക്ഷൻ, കിരാതത്തിലെ അർജ്ജുനൻ തുടങ്ങിയ വേഷങ്ങളും ശങ്കരൻകുട്ടിയെ ശ്രദ്ധേയനാക്കി. കുമാരനാശാന്റെ കരുണയെന്ന ഖണ്ഡകാവ്യത്തെ ആസ്പദമാക്കി

ഡോ. വേലുക്കുട്ടി അരയൻ രചിച്ച വാസവദത്ത നിർവ്വാണം ആട്ടക്കഥയിലാണ് ഏറ്റവും ഒടുവിൽ കഥകളി വേഷം കെട്ടിയത്. ആകാരസൗഷ്ഠവം, അരങ്ങൗചിത്യം, ചിട്ടയോടെ മെയ്‌വഴക്കം, ആട്ടക്കഥാസാഹിത്യത്തിലെ പാണ്ഡിത്യം എന്നിവ പിൽക്കാലത്ത് ശങ്കരൻകുട്ടിയെ ആചാര്യസ്ഥാനത്തെത്തിച്ചു ●



# 3. നർത്തകനാകാൻ മദ്രാസിൽ ചെന്നെത്തിയത് സിനിമയിൽ

കഥകളിരംഗത്ത് നിറസാന്നിദ്ധ്യമായിരിക്കെ ഗുരു ഗോപിനാഥിന്റെ നൃത്തശൈലിയിൽ ആകൃഷ്ടനായ ശങ്കരൻകുട്ടി മദ്രാസിലേക്ക് പുറപ്പെട്ടു. യാത്രാമദ്ധ്യേ കുട്ടനാട്ടിൽ എത്തി ഗുരുജിയുടെ മൂത്തസഹോദരൻ കഥകളി ആചാര്യൻ ചമ്പക്കുളം പാച്ചുപിള്ളയെക്കണ്ട് വണങ്ങി. ആശീർവാദം വാങ്ങി, യാത്ര തുടർന്നു. 1947ൽ ഒരു സുപ്രഭാതത്തിൽ മദ്രാസ് സെൻട്രൽ റയിൽവേസ്റ്റേഷനിൽ തീവണ്ടിയിറങ്ങി. ബസിൽ ഗോപാലപുരത്തെത്തി. ഗുരുജിയുടെ വീട്ടിലേക്ക് നടന്നു. വർഷങ്ങളായി കഥകളിയരങ്ങ് പങ്കിട്ടു കഴിഞ്ഞ മങ്കൊമ്പ് ശിവശങ്കരപ്പിള്ളയാശാനെ വഴിയിൽ കണ്ടുമുട്ടിയത് ശങ്കരൻകുട്ടിക്കാശ്വാസമായി. മങ്കൊമ്പാശാൻ കുറെനാളായി ഗുരുജിയുടെ കൂടെയാണ്. ശങ്കരൻകുട്ടിയെ

ഗുരുജിക്ക് പരിചയപ്പെടുത്തിയ അദ്ദേഹം, കഥകളി നടൻ ഓച്ചിറ ശങ്കരൻകുട്ടിയാണിതെന്നും ജ്യേഷ്ഠന്റെ അനുഗ്രഹം വാങ്ങി നൃത്തം പഠിക്കാനാണ് വന്നതെന്നും അറിയിച്ചു.

ആട്ടക്കാരനാണ് വന്നിരിക്കുന്നതെന്നറിഞ്ഞപ്പോൾ ഗുരുജിക്ക് സന്തോഷമായി. അദ്ദേഹം ശങ്കരൻകുട്ടിയെ ആശ്വസിപ്പിച്ചു. "കഥകളിക്കാരന് നൃത്തം പഠിക്കാൻ വർഷ ങ്ങൾ ഒന്നും വേണ്ട. ഞാനത് ശരിയാക്കിത്തരാം. ഉടൻതന്നെ എസ്.എസ്. വാസന്റെ സിനിമ സ്റ്റുഡിയോയിൽ എത്തി മുതിർന്ന കാര്യദർശി അമ്പലപ്പുഴ ശങ്കരൻകുട്ടിനാ യരെ കാണണം. മഹാനടൻ തോട്ടം ശങ്കരൻ നമ്പൂതിരിയുടെ ശിഷ്യനും നർത്തകനുമാണദ്ദേഹം. അവിടെ ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സിനിമയിലേക്ക് നർത്തകരെ വേണം. സിനിമയുടെ റിഹേഴ്സൽ കഴിയുമ്പോൾ ശങ്കരൻകുട്ടി നർത്തകനാകും."

അടുത്തദിവസം രാവിലെ ശങ്കരൻകുട്ടി എസ്.എസ്. വാസന്റെ ജെമിനി സ്റ്റുഡിയോയിൽ എത്തി. അമ്പലപ്പുഴ ശങ്കരൻകുട്ടിനായരെ കണ്ട് വിവരമറിയിച്ചു. കഥകളി നടനും ഓച്ചിറക്കാരനുമായ ശങ്കരൻകുട്ടിയാണ് വന്നിരിക്കുന്നത് എന്നറിഞ്ഞ അമ്പലപ്പുഴ ശങ്കരൻകുട്ടിനായർ ചെറുപുഞ്ചി രിയോടെയാണ് ഓച്ചിറ ശങ്കരൻകുട്ടിയെ സ്വീകരിച്ചത്. അങ്ങനെ നൃത്തം പഠിക്കാൻ മദ്രാസിലെത്തിയ ഓച്ചിറ ശങ്കരൻകുട്ടിക്ക് സിനിമയിൽ ചേരാനും അവിടെത്തന്നെ നൃത്തം പരിശീലിക്കാനും അവസരം കിട്ടി.

ജെമിനി സ്റ്റുഡിയോയുടെ ഉടമസ്ഥനും സംവിധായകനും എസ്.എസ്. വാസൻ ആയിരുന്നു. 1945ൽ നിർമ്മാണം ആരംഭിച്ച 'ചന്ദ്രലേഖ' എന്ന ബൃഹത്തായ സിനിമയുടെ അവസാനഭാഗത്ത് ക്ലൈമാക്സിൽ അവതരിപ്പിക്കാനുള്ള 'ഡ്രം ഡാൻസ്' എന്ന നൃത്തരംഗത്തിലേക്കാണ് നർത്തകരെ തിരഞ്ഞെടുത്തത്. പത്തടിയോളം ഉയരവും വ്യാസവുമുള്ള ഡ്രമ്മിന്റെ മുകളിൽ കയറിനിന്ന് ചെയ്യുന്ന നൃത്തമാണ് ഡ്രം ഡാൻസ്. ഓരോഡ്രമ്മിന്റേയും മുകളിൽ ഒരു നർത്തകനും ഒരു നർത്തകിയുമാണ് നൃത്തം ചെയ്യേണ്ടത്. ആകെ നൂറ് ഡ്രമ്മുകളും ഇരുന്നൂറ് നർത്തകരും ഉണ്ടായിരിക്കും. എല്ലാ ഡ്രമ്മുകളുടെയും വാതിലുകൾ പെട്ടെന്ന് തുറന്ന് ഭടന്മാർ ആയുധങ്ങളുമായി പുറത്തുചാടി, ജ്യേഷ്ഠനെ സ്ഥാനഭ്രഷ്ട നാക്കി രാജ്യം തട്ടിയെടുത്ത അനുജൻ രാജാവിനെ



ഡ്രം ഡാൻസ്
ചന്ദ്രലേഖയിലെ നൃത്തരംഗം

തോൽപ്പിക്കുന്നതോടെയാണ് നൃത്തവും സിനിമയും അവസാനിക്കുന്നത്. ഇരുപത് ദിവസത്തോളം എടുത്ത ഷൂട്ടിംഗിനുശേഷമാണ് ഡ്രീം ഡാൻസിന്റെ ചിത്രീകരണം പൂർത്തിയായത്.

ചന്ദ്രലേഖയിലെ നായകൻ എം.ആർ. രാധയും വില്ലൻ രഞ്ചനും നായിക ടി.ആർ. രാജകുമാരിയുമായിരുന്നു. 1947 അവസാനം ചന്ദ്രലേഖ തമിഴിലും ഹിന്ദിയിലും ഒരേസമയം പ്രദർശനം ആരംഭിച്ച് ജെമിനി സ്റ്റുഡിയൊ വൻ സാമ്പത്തികനേട്ടം കൈവരിച്ചു. പിന്നീടിറങ്ങിയ മങ്കമ്മാ ശപഥത്തിലും മറ്റുചില ജെമിനി ചിത്രങ്ങളിലും ഓച്ചിറ ശങ്കരൻകുട്ടിയും മറ്റും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഗുരു ഗോപാല കൃഷ്ണനും നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടിയും ചന്ദ്രലേഖ സിനിമയിലെ സഹനർത്തകരാണ്.



ഭക്തി- ആശ്രയം

എസ്.എസ്. വാസൻ ചന്ദ്രലേഖ നിർമ്മിച്ച കാലത്തു തന്നെ ലോകപ്രശസ്ത നർത്തകനും കൽക്കട്ടയിലെ 'ഉദയശങ്കർ ഇന്ത്യ കൾച്ചറൽ സെന്റർ' സ്ഥാപകനുമായ ഉദയശങ്കറും പത്നി അമലാശങ്കറും ചേർന്ന് അഭിനയിച്ച ഇന്ത്യയിലെ ആദ്യ മുഴുനീള നൃത്ത ചലച്ചിത്രമായിരുന്നു 'കല്പന'. ജെമിനി സ്റ്റുഡിയോയുടെ സെറ്റിലായിരുന്നു കല്പനയുടേയും മുഴുവൻ ചിത്രീകരണവും നടന്നത്. ഗുരു ഗോപിനാഥ് നൃത്തസംവിധാനം ചെയ്ത് സുബ്രഹ്മണ്യം നിർമ്മിച്ച മറ്റൊരു നൃത്ത ചലച്ചിത്രമായിരുന്നു 'നർത്തനമുരളി'. അനാരോഗ്യം കാരണം സുബ്രഹ്മണ്യത്തിന് നർത്തനമുരളി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ മൂന്ന് നൃത്ത ചലച്ചിത്രങ്ങളുടെ ചിത്രീകരണവും ചന്ദ്രലേഖയുടേയും കല്പനയുടേയും പ്രദർശനവും ഒരേസമയംതന്നെ നടന്നത് മദിരാശി നഗരത്തെ നൃത്തലഹരിയിൽ ആറാടിച്ച് ചരിത്രം സൃഷ്ടിച്ചു.

ഓച്ചിറ ശങ്കരൻകുട്ടിയും സംഘവും അവതരിപ്പിച്ച ഡ്രം ഡാൻസിന്റെ നാട്യലഹരിയിൽ അവസാനിക്കുന്ന ജെമിനി സ്റ്റുഡിയോയുടെ 'ചന്ദ്രലേഖ' ചലച്ചിത്രം ഇന്ത്യൻ സിനിമാചരിത്രത്തിലെ നാഴികക്കല്ലുകൾ പാകിയ സിനിമയെന്ന നിലയിൽ അംഗീകരിക്കപ്പെട്ടു.

പ്രസിദ്ധ ചലച്ചിത്ര സംവിധായകൻ കെ.ജി. ജോർജ്, ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിലെ പഠനനാളുകളിൽ ഇന്ത്യൻ സിനിമയുടെ ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നെന്നനിലയിൽ ചന്ദ്രലേഖ പഠനവിധേയമായത് അനുസ്മരിക്കുന്നു.- 2008 ജനുവരി 13ലെ ദേശാഭിമാനി ദിനപത്രം വാരാന്ത്യപ്പതിപ്പിൽ, വെള്ളിത്തിര 100 – 'ചന്ദ്രലേഖ'യിലെ നൃത്തരംഗം എന്ന ലേഖനത്തിലൂടെ....

"ഞാൻ ആദ്യം സിനിമകാണുന്നത് തീരെ കുഞ്ഞായിരിക്കുമ്പോഴാണ്. എന്നെ എടുത്തുകൊണ്ടുപോയി കാണിക്കുകയായിരുന്നു. എളിയിലിരുന്ന് സിനിമകണ്ട് എളിയിലിരുത്തിക്കൊണ്ടുതന്നെ തിരികെക്കൊണ്ടുപോയി.... വിചിത്രമായിതോന്നാം. മൂന്ന് അല്ലെങ്കിൽ നാലുവയസ്സുള്ള കുട്ടിയെ അങ്ങനെയല്ലാതെ കൊണ്ടുപോകാൻ ആകുമായിരുന്നില്ലല്ലോ!"

"പുതുതായി കാണുന്നതെന്തും അത്ഭുതക്കാഴ്ചയാണ് ആ പ്രായത്തിൽ. അക്കൂട്ടത്തിൽ ഇതുംപെട്ടു എന്നല്ലാതെ, കാണുന്നത് സിനിമയെന്ന മായാദീപക്കാഴ്ചയാണെന്ന അറിവോടെയൊന്നുമല്ല തിയേറ്ററിലിരുന്നതും കണ്ടതും. ആ പ്രായത്തിൽ അങ്ങനെയൊരു സിനിമക്കാഴ്ചയുടെ മുമ്പിലേക്ക് എന്നെ കൊണ്ടുപോയതിന് ഞാൻ എന്റെ അച്ചായനോട് കടപ്പെട്ടിരിക്കുന്നു. കുളക്കാട്ടിൽ ഗീവർഗ്ഗീസ് സാമുവൽ മധ്യതിരുവിതാംകൂറിലെ ഒരു സൈൻ ബോർഡ് പെയിന്ററായിരുന്നു. ഞാനാണ് അദ്ദേഹത്തിന്റെ മൂത്തപുത്രൻ."


"ഒന്നും ഗൗരവമായെടുക്കുന്ന പ്രകൃതക്കാരനല്ലാത്തതുകൊണ്ട് അച്ചായന്റെ ഭാവങ്ങൾ ഓരോ സമയത്തും ഓരോന്നുപോലെയിരിക്കും. ചിലനേരത്ത് സ്നേഹം അണപൊട്ടിയൊഴുകും. മറ്റുചിലപ്പോൾ മനുഷ്യപ്പറ്റില്ലാത്തവിധം നിർദയനാകും. ഒന്നും പ്രവചിക്കാനാവില്ലായിരുന്നു. അച്ചായന്റെ തമാശകളും ഒപ്പം അരങ്ങേറുമായിരുന്ന ക്രൂരതകളും ഇന്ന് ഓർക്കുമ്പോൾപ്പോലും അമ്പരപ്പിക്കുന്നവിധം വിചിത്രങ്ങളായിരുന്നു. അക്കൂട്ടത്തിൽ ഒരു തമാശയുടെ ഭാഗമാവണം എന്നെ സിനിമ കാണിക്കാൻ എടുത്തുകൊണ്ടുപോയതും കാണിച്ചശേഷം മടങ്ങിയതും!"

"തിരുവല്ലയിലെ വിക്ടറി തിയറ്ററിലായിരുന്നു അത് (ഇന്ന് ആ തിയറ്റർ ഇല്ല). ഓലമേഞ്ഞ ഒരു ടെമ്പററി കൂടാരം. നിറയെ ആളുകൾ ഉണ്ടായിരുന്നു കാണാൻ. തറടിക്കറ്റാണെടുത്തത്. അച്ചായൻ തറയിലായിരുന്നു. ഞാൻ അച്ചായന്റെ ഒക്കത്തും..."

"വലിയ പെരുമ്പറകൾ കൊട്ടി ഒരുപാട് നർത്തകർ അതിന്റെ തുടിതാളത്തിൽ ചുവടുവച്ചു.... അങ്ങനെയൊരു നൃത്തരംഗം മാത്രമാണ് സാമാന്യം ദീർഘമായ ആ ചിത്ര ത്തിൽനിന്ന് ഓർമയായി മനസ്സിൽക്കൂടെ പോന്നത്. തമിഴ് സിനിമയാണെന്നറിയാം. പേര് ഓർമ്മയില്ല. കഥയൊന്നും മനസ്സിലാക്കാനോ മറ്റെന്തെങ്കിലും ഓർമയിൽ കരുതിവ യ്ക്കാനോ ഉള്ള പ്രായമൊട്ടായിരുന്നുമില്ലല്ലോ. വാദ്യഘോ ഷങ്ങളുടെ പെരുമ്പറതുടിയിൽ താളാത്മകമായി ചുവടുകൾ വയ്ക്കുന്ന നർത്തകരുടെ കൂട്ടം ഓർമയിലുണ്ട്. ചിലർ വലിയ വാദ്യോപകരണങ്ങളുടെ പെരുപ്പിച്ച രൂപം കൃത്രിമ മായുണ്ടാക്കിയതിനുമുകളിൽ ചുവടുവച്ചാണ് നൃത്തം ചെയ്തിരുന്നതെന്നും അവ്യക്തമായൊരു ഓർമ്മയുണ്ട്."

"വർഷങ്ങൾക്കുശേഷം ഈ ചിത്രം ഞാനൊരി ക്കൽക്കൂടി കണ്ടു. ഇൻസ്റ്റിറ്റ്യൂട്ട് പഠനനാളുകളിൽ ഇന്ത്യൻ സിനിമയുടെ ചരിത്രത്തിലെ നാഴികക്കല്ലുകളിലൊന്നെന്ന നിലയിൽ അന്നുകാണുമ്പോൾ സിനിമയിലെ പല രംഗ ങ്ങളും എപ്പോഴോ കണ്ടുപരിചിതമാണെന്ന തോന്നലുണ്ടാ യി. ഒടുവിൽ ഈ നൃത്തരംഗം വന്നപ്പോൾ പെരുമ്പറ തുടിയിൽ വാദ്യഘോഷങ്ങളോടെ നർത്തകർ ചുവടുകൾ വയ്ക്കുന്നതുകണ്ടപ്പോൾ എനിക്കുറപ്പായി, ഞാനാദ്യം കണ്ട സിനിമയാണിത്. കുളക്കാട്ടിൽ ഗീവർഗ്ഗീസ് സാമുവൽ

എന്നെ എടുത്തുകൊണ്ടുപോയി ഒക്കത്തിരുത്തി കാണിച്ചു തന്ന ആദ്യത്തെ സിനിമ. ആ സിനിമയോട് ആ നിമിഷം എനിക്ക് വൈകാരികമായി ഒരടുപ്പം തോന്നി. ജെമിനിയുടെ വിഖ്യാതചിത്രമായ 'ചന്ദ്രലേഖ'യിലെ നൃത്തരംഗമാണ് എന്റെ കുഞ്ഞുമനസ്സ് അന്ന് അച്ഛായന്റെ എളിയിലിരുന്നു കണ്ട് ഓർമ്മയിൽ ഒപ്പിയെടുത്ത് സൂക്ഷിച്ചതും ആ ഓർമ യിൽ ഇത്രയും വർഷങ്ങൾക്കുശേഷം തിരിച്ചറിഞ്ഞെടു ത്തതും!"



മുദ്രാപരിശീലനം

അമ്പലപ്പുഴ ശങ്കരൻകുട്ടിനായരും ഓച്ചിറ ശങ്കരൻകു ട്ടിയും തമ്മിലുള്ള അടുപ്പം ഗുരുശിഷ്യബന്ധമായി വളർന്നു. അധികം വൈകാതെ അനാരോഗ്യം കാരണം അമ്പലപ്പുഴ

ശങ്കരൻകുട്ടിനായർ ജെമിനി സ്റ്റുഡിയോയോടും മദിരാശി യോടും വിടചൊല്ലി. നാട്ടിലെത്തിയ അദ്ദേഹം ആലപ്പുഴ യിൽ ഭഗവതി വിലാസം തിയേറ്ററിൽ ശ്രീരാജരാജേശ്വരി നൃത്തവിദ്യാലയം തുടങ്ങി. കിടപ്പിലായപ്പോൾ മദ്രാസിൽനിന്ന് ഓച്ചിറ ശങ്കരൻകുട്ടിയെ വരുത്തി. നൃത്ത വിദ്യാലയത്തിന്റെ ചുമതലയേറ്റെടുത്ത ഓച്ചിറ ശങ്കരൻകുട്ടി കുട്ടികളെ നൃത്തം പഠിപ്പിച്ച് അരങ്ങേറ്റം നടത്തി.

പിൽക്കാലത്ത് പ്രശസ്ത ചലച്ചിത്രതാരങ്ങളായി ത്തീർന്ന റ്റി.ആർ. ഓമനയും ബേബി ഗിരിജയും ഓച്ചിറ ശങ്കരൻകുട്ടിയുടെ ആലപ്പുഴ ശ്രീരാജരാജേശ്വരി നൃത്തവി ദ്യാലയത്തിലെ ശിഷ്യരാണ്. അമ്പലപ്പുഴ ശങ്കരൻകുട്ടിനാ യരുടെ മരണശേഷം ആലപ്പുഴ ആര്യകലാനിലയം ഡയറ ക്ടർ അമ്പലപ്പുഴ രാമുണ്ണിയുടെ ശിഷ്യത്വം സ്വീകരിച്ച ഓച്ചിറ ശങ്കരൻകുട്ടി പൊൻകുന്നത്ത് ആരംഭിച്ച ആര്യകലാനിലയ ത്തിന്റെ നൃത്ത അദ്ധ്യാപകനായി ചുമതലയേറ്റു. അക്കാ ലത്ത് കഥകളി ഡാൻസർ എന്നപേരിൽ ഓച്ചിറ ശങ്കരൻകുട്ടി അറിയപ്പെട്ടു ●



# 4. നവോത്ഥാന നർത്തകൻ


നവകിരണങ്ങൾ ഭാരതത്തിലാദ്യമായി ഒളിമിന്നിയെത്തിയത് പാശ്ചാത്യ നാടുകളിൽനിന്നാണ്. ഇംഗ്ലീഷ് ഭാഷ പ്രചാരത്തിലായതോടെ പാശ്ചാത്യ സംസ്കാരവും സമൂഹത്തിൽ സ്വാധീനം ചെലുത്തി. പത്തൊമ്പതാം നൂറ്റാണ്ടിനൊടുവിൽ ബ്രിട്ടീഷുകാർ കൂടുതൽ ആധിപത്യം പുലർത്തിയിരുന്ന ബംഗാളിലാണ് ഭാരതീയ നവോത്ഥാന പ്രക്രിയയ്ക്ക് തുടക്കമിട്ടത്. ഹിന്ദുമത അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരേ ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ ക്രമേണ മറ്റെല്ലാ മതങ്ങളിലേക്കും വ്യാപിച്ചു. "സതി" സമ്പ്രദായവും ശൈശവ വിവാഹവും മറ്റുമായിരുന്നു ഉത്തരേന്ത്യയിലെ അനാചാരങ്ങളെങ്കിൽ ജാതിവ്യവസ്ഥിതിയും അന്ധവിശ്വാസങ്ങളുമൊക്കെയായിരുന്നു കേരളത്തെ ഭ്രാന്താലയമാക്കിയത്.

ചാതുർവർണ്യ വ്യവസ്ഥിതിയിൽ മനുഷ്യർ നിറം കൊണ്ടും കർമ്മംകൊണ്ടും തമ്പ്രാക്കന്മാരായും തീണ്ടൽ ജാതിക്കാരായും വേർതിരിക്കപ്പെട്ടിരുന്നകാലം. ഈ സാമൂഹികദുരവസ്ഥയിൽ മനംനൊന്ത് ആദിശങ്കരന്റെ അദ്വൈതമതത്തെ മനുഷ്യരാശിക്കുതകുംവിധം പുനരാവിഷ്ക്കരിച്ച്, കേരള നവോത്ഥാനത്തിന് ആധാരശിലകൾ പാകിയ സാമൂഹിക പരിഷ്ക്കർത്താവാണ് ശ്രീനാരായണ ഗുരു. അദ്വൈതമെന്നത് രണ്ടെന്നഭാവമല്ലാത്തതും എല്ലാം ഏകമയമെന്നതും അസമത്വം ഇല്ലാതാക്കുന്നതുമാണ്.

"ഒരു ജാതി ഒരുമതം, ഒരു ദൈവം മനുഷ്യന്" എന്ന ശ്രീനാരായണ സൂക്തം ജാതി വ്യവസ്ഥിതിക്കറുതിവരുത്തി. അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മുക്തിനേടി, "വിദ്യകൊണ്ട് പ്രബുദ്ധരാകാൻ" ഗുരുദേവൻ ഉപദേശിച്ചു. സവർണ്ണമേധാവിത്വത്തിനെതിരേ അവർണ്ണരെ ശക്തരാക്കിയ മഹായോഗിയും സാമൂഹ്യപരിഷ്കർത്താവുമാണ് ചട്ടമ്പിസ്വാമികൾ. ദളിത് സമൂഹത്തിനെതിരേയുള്ള വെല്ലുവിളികൾക്ക് ശക്തമായ പ്രക്ഷോഭം നടത്തിയത് അയ്യൻകാളി. കേരള നവോത്ഥാന പ്രസ്ഥാനത്തിൽ പ്രധാനിയാണ് മന്നത്ത് പത്മനാഭൻ.

മതവും സമൂഹവും ജീവിതത്തിന്റെ അവിഭാജ്യ ഘടകമായിരുന്നതിനാൽ മതനവീകരണ ശ്രമങ്ങളിലേർപ്പെട്ടിരുന്ന, നമ്പൂതിരി സമുദായത്തിന്റെ യോഗക്ഷേമ സഭയും നായർ സമുദായത്തിന്റെ നായർ സർവ്വീസ് സൊസൈറ്റിയും ഈഴവ സമുദായത്തിന്റെ ശ്രീനാരായണ ധർമ്മ പരിപാലന യോഗവും കീഴാള സമൂഹത്തിന്റെ സാധുജന പരിപാലന സംഘവും അരയ സമുദായത്തിന്റെ സമസ്ത കേരള അരയ മഹാജന യോഗവും സമൂഹത്തെ ഉയർച്ചയിലെത്തിച്ച പ്രസ്ഥാനങ്ങളായിമാറി.

കേരള നവോത്ഥാന പ്രസ്ഥാനത്തിൽ പങ്കാളിയായി, കഥകളിയും നൃത്തവും നാടകവും സമന്വയിപ്പിച്ച് രംഗാവിഷ്ക്കാരം നടത്തി, നാട്ടിൽ നടമാടിയിരുന്ന അസമത്വത്തിനും അനീതിക്കും, അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരേ കലാവിപ്ലവം കൊയ്ത നവോത്ഥാന നർത്തകനാണ് ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി.



കോപം

1950കളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടൊപ്പമായിരുന്നു ഓച്ചിറ ശങ്കരൻകുട്ടിയുടെ പ്രവർത്തനം. പൊൻകുന്നം ആര്യകലാനിലയത്തിൽ നൃത്ത അദ്ധ്യാപകനായിരിക്കെ (1952) 'മനുഷ്യൻ മുന്നേറുന്നു' എന്ന സാമൂഹ്യ നാടകമെഴുതി, കേരളനടനവുമായി കൂട്ടിയിണക്കി നൃത്ത നാടകമാക്കി കുട്ടികളുടെ അരങ്ങേറ്റം നടത്തി.

അരിവാളും ചുറ്റികയും ചെങ്കൊടിയുമേന്തി, ചെങ്കുപ്പായമണിഞ്ഞ വാളന്റിയർമാർ പട്ടാളച്ചിട്ടയിൽ ചുവടുവച്ച്, അസമത്വത്തിനും അനാചാരങ്ങൾക്കുമെതിരേ വിപ്ലവകാഹളങ്ങൾ മുഴക്കി കാണികളെ ആശ്ചര്യപ്പെടുത്തി ആനന്ദനടനം കാഴ്ചവച്ചു. നവോത്ഥാന പ്രസ്ഥാനത്തിൽ പുതിയ പ്രവർത്തനശൈലി വിളംബരം ചെയ്യുകയായിരുന്നു 'മനുഷ്യൻ മുന്നേറുന്നു' എന്ന നൃത്തനാടകം. ക്രമേണ ആര്യകലാനിലയത്തിന്റെ നൃത്തനാടകം തോട്ടംതൊഴിലാളികളുടേയും കർഷകത്തൊഴിലാളികളുടേയും യോഗങ്ങളിലും മറ്റും പതിവ് ഇനമായി മാറി പ്രസിദ്ധമായി. (ഡോ. ചേരാവള്ളി ശശി രചിച്ച ഗ്രന്ഥം പഥികർ പാതകൾ, പുറം 127)

അക്കാലത്തും പുരാണങ്ങളിലെ കഥാപാത്രങ്ങളെ കേന്ദ്രീകരിച്ച് നൃത്തനാടകങ്ങൾ ഉണ്ടായിരുന്നെങ്കിലും നാട്ടിൽ നടമാടിയിരുന്ന ഉച്ചനീചത്വത്തിനും തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ, ദൃഷ്ടിയിൽപ്പെട്ടുകൂടായ്മ, മറ്റനാചാരങ്ങൾ എന്നിവയ്ക്കുമെതിരേ സാമൂഹ്യനാടകങ്ങൾ എഴുതി നൃത്താവിഷ്കാരം നടത്തി സാമൂഹ്യ വിപ്ലവം നടത്തിയത് അന്നാദ്യമായിരുന്നു. (പ്രൊഫ. പി. രാധാകൃഷ്ണക്കുറുപ്പ് എഴുതിയ ഓച്ചിറയുടെ നാട്യാചാര്യൻ ഓർമ്മയിൽ, ഉണർവ് -2014, ക്ലാപ്പന പ്രിയദർശിനി സുവനീർ, പുറം 38)

എ.ഐ.റ്റി.യു.സി. ചെയർപേഴ്സൺ റോസമ്മ പുന്നൂസും പാമ്പാടി ബാലനും കെ.എസ്. ചന്ദ്രനും പത്രപ്രവർത്തകൻ സുകുമാരനുമൊക്കെ ആയിരുന്നു ഓച്ചിറ ശങ്കരൻകുട്ടിയുടെ ആത്മമിത്രങ്ങൾ.

കമ്മ്യൂണിസ്റ്റ് ആശയങ്ങൾ നാടെങ്ങും അലയടിച്ചുയരുന്ന കാലഘട്ടത്തിൽ ജന്മികുടിയാൻ വ്യവസ്ഥിതിക്കെതിരേ "ആഭിജാത്യ വിഷപ്പാമ്പ്' എന്ന കവിതയെഴുതി (1949) നവോത്ഥാന പ്രവർത്തനത്തിന് നാന്ദി കുറിച്ചു. പറക്കോട് വടക്കടത്തുകാവ് സംസ്കൃത സ്കൂൾ പ്രസിദ്ധീകരിച്ച ദയാനന്ദ സുവനീറിൽ ഈ കവിത അച്ചടിച്ചുവന്നത് നാട്ടിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. നിരവധി പീഡനങ്ങളും ത്യാഗങ്ങളും ശങ്കരൻകുട്ടിക്ക് സഹിക്കേണ്ടതായിവന്നു. വള്ളത്തൊഴിലാളി സമരത്തിലൂടെയും കർഷകത്തൊഴിലാളി സമരത്തിലൂടെയും മനുഷ്യവിമോചനത്തിനായി യത്നിച്ചു. നിരവധി രാഷ്ട്രീയ കേസുകളിൽപ്പെട്ട് കോടതി കയറി. മകന്റെ രാഷ്ട്രീയപ്രവർത്തനം മൂലം അച്ഛന്റെ ദേവസ്വംജോലി നഷ്ടപ്പെട്ടു. വീടുപട്ടിണിയിലായി.

കർഷകത്തൊഴിലാളി വിമോചനം ലക്ഷ്യമിട്ട് ഓച്ചിറ ശങ്കരൻകുട്ടി എഴുതി, ഓച്ചിറ എൻ.എസ്.പണിക്കരുടെ മേൽനോട്ടത്തിൽ രംഗത്തവതരിപ്പിച്ച നാടകമാണ് 'ഐക്യമുന്നണി' (1950). ശങ്കരൻകുട്ടിയുടെ 'മനുഷ്യത്വം' (1951) എന്ന നാടകം അരങ്ങിൽ ഏറെ ശ്രദ്ധേയമായി. ഉച്ചനീചത്വത്തിനും അനാചാരങ്ങൾക്കുമെതിരേ പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. അടുത്ത നാടകമായിരുന്നു 'തിരിച്ചടി' (1953). ഈ നാടകങ്ങളിലെല്ലാം ശങ്കരൻകുട്ടി വേഷമിട്ടിട്ടുണ്ട്. (ആർ. രാജീവ്, മലയാളമനോരമ ദിനപത്രം അരങ്ങ്, കലാസപര്യയുടെ ആറ് ദശകങ്ങൾ, 1996 സെപ്റ്റംബർ 29). കാലഘട്ടത്തിന്റെ ആവശ്യമെന്നതിനാൽ രംഗത്തവതരിപ്പിക്കാൻവേണ്ടി മാത്രമായിരുന്നു ഈ നാടകങ്ങൾ എഴുതിയത്. ഒളിവിൽ

താമസിച്ചിരുന്നകാലത്ത് പുതുപ്പള്ളി രാഘവൻ, ശങ്കരനാരായണൻതമ്പി, കാമ്പിശ്ശേരി കരുണാകരൻ, തോപ്പിൽ ഭാസി, തെങ്ങമം ബാലകൃഷ്ണൻ എന്നിവരുമായി അടുക്കാൻ അവസരമുണ്ടായി. പുതുപ്പള്ളി രാഘവന്റെ മകളെ നൃത്തം അഭ്യസിപ്പിച്ചു.



പുതുപ്പള്ളി രാഘവനും ഓച്ചിറ ശങ്കരൻകുട്ടിയും

തെങ്ങമം ബാലകൃഷ്ണനും ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയും പിൽക്കാലത്ത് കുടുംബസുഹൃത്തുക്കളായി. 1950 ഡിസംബറിൽ ജയിൽവിമോചിതനായ തെങ്ങമം കായംകുളത്തെ താമസത്തിനിടയിൽ ചങ്ങൻകുളങ്ങരവച്ച് ശങ്കരൻകുട്ടിയെ ആദ്യമായി കണ്ടുമുട്ടി, സുഹൃത്തുക്കളായി. ശങ്കരൻകുട്ടിയിൽ എന്തൊക്കെയോ സവിശേഷതകൾ ഉണ്ടെന്ന് തെങ്ങമം മനസ്സിലാക്കി. ശങ്കരൻകുട്ടി എഴുതിയ 'ഐക്യമുന്നണി' എന്ന സാമൂഹ്യനാടകം തെങ്ങമത്തിന്

നന്നേപിടിച്ചു. ചങ്ങൻകുളങ്ങര മഹാദേവർക്ഷേത്ര കളിത്തട്ടിലിരുന്ന് രണ്ടുപേരുംകൂടി നാടകത്തിനാവശ്യമെന്നു തോന്നിയ ചില തിരുത്തലുകൾ വരുത്തി. അധികം വൈകാതെ തെങ്ങമം അവിടംവിട്ടുപോയി.

ജീവിതത്തിന്റെ തിളക്കമാർന്ന കാലം രണ്ടുപേരും വ്യത്യസ്ത മേഖലകളിൽ വ്യാപരിച്ച് പ്രശസ്തിനേടി. നീണ്ട ഇടവേളയ്ക്കുശേഷം തെങ്ങമത്തിനെ വീണ്ടും കണ്ടുമുട്ടിയത് ശങ്കരൻകുട്ടിയുടെ ജീവിതത്തിനുണർവേകി. ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയുടെ ലഘു ജീവിതചരിത്രംതന്നെ തെങ്ങമം സ്വന്തം ആത്മകഥയിൽ നിറക്കൂട്ടില്ലാതെ നിറച്ചു വച്ചിട്ടുണ്ട്.

തെങ്ങമം ബാലകൃഷ്ണന്റെ ആത്മകഥ ('നിറക്കൂട്ടില്ലാതെ' - അദ്ധ്യായം 10, ഓണാട്ടുകരയുടെ ഹൃദയത്തിലേക്ക്, പുറം 79, 80)യിൽനിന്ന്- "കായംകുളത്തെ താമസത്തിനിടയിൽ ചങ്ങൻകുളങ്ങരയിൽവച്ച് ഞാനൊരു ചെറുപ്പക്കാരനെ പരിചയപ്പെടുകയുണ്ടായി. കാഴ്ചയിൽ ഒരു നർത്തകന്റെ രൂപഭാവാദികളാണ് ആ യുവാവിനുണ്ടായിരുന്നത്. ചങ്ങൻകുളങ്ങര നേരത്തെതന്നെ കുറച്ച് പാർട്ടി പ്രവർത്തനമുള്ള സ്ഥലമാണ്. അയാൾ കമ്മ്യൂണിസ്റ്റ്കാരനാണോ എന്നെനിക്കറിയില്ലായിരുന്നു. പക്ഷേ എന്നോടയാൾ വളരെ അടുപ്പം കാണിച്ചു. അയാൾ എഴുതിയ ഒരു നാടകം എന്നെക്കാണിച്ചു. അതിൽ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ തിരുത്തണമെന്നും പറഞ്ഞു. ചങ്ങൻകുളങ്ങര ക്ഷേത്രത്തിന്റെ കളിത്തട്ടിലിരുന്ന് ഞങ്ങൾ ഒരുമിച്ച് നാടകം തിരുത്തി. 'ഐക്യമുന്നണി' എന്നായിരുന്നു അതിന്റെ പേര് എന്നാണ് എന്റെ ഓർമ്മ. അത്

പിന്നീട് അരങ്ങിലവതരിപ്പിച്ചോ എന്നെനിക്കറിയില്ല. പി.ആർ. ശങ്കരൻകുട്ടിയെന്നായിരുന്നു ആ യുവാവിന്റെ പേര്. വർഷങ്ങൾക്കുശേഷം എനിക്കൊരു കത്തുകിട്ടി. ആ പഴയകാല സൗഹൃദം ഓർമ്മിപ്പിച്ചുകൊണ്ടുള്ളതായിരുന്നു ആ കത്ത്. ശങ്കരൻകുട്ടി, ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയായി വളർന്നിരിക്കുന്നു. കഥകളിയഭ്യസിച്ചിട്ടുള്ള അദ്ദേഹം ഗുരുഗോപിനാഥിന്റെ സംഘത്തിലും കൽക്കട്ടയിൽ ഉദയശങ്കറിന്റെ നൃത്തസംഘത്തിലും അംഗമായി പ്രവർത്തിച്ചിരുന്നു. കാലിന് സുഖമില്ലാത്തതിനാൽ നൃത്തവേദിയിൽനിന്ന് മാറിനിൽക്കാൻ നിർബന്ധിതനായി. തുടർന്നുള്ള ഞങ്ങളുടെ സൗഹൃദം കുടുംബബന്ധംപോലെയായിമാറി. അദ്ദേഹമെഴുതിയ സർപ്പസത്രമെന്ന കൃതിക്ക് ഞാൻതന്നെ അവതാരികയെഴുതണമെന്ന് അദ്ദേഹം നിർബന്ധംപിടിച്ചു. നർത്തകൻ മാത്രമല്ല എഴുത്തുകാരൻകൂടിയായ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയ്ക്ക് സാഹിത്യ അക്കാദമിയിലെയും സംഗീതനാടക അക്കാദമിയിലെയും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സംഗീതനാടക അക്കാദമിയുടെ നിർവ്വാഹക സമിതി അംഗമായും അദ്ദേഹം പ്രവർത്തിച്ചു. അർഹമായ അംഗീകാരം ഇനിയും കിട്ടാത്ത കലാകാരനാണ് ശങ്കരൻകുട്ടി".

തെങ്ങമം ബാലകൃഷ്ണൻ (1927–2013) കേരള രാഷ്ട്രീയത്തിന് വിസ്മരിക്കാനാവാത്ത വ്യക്തിത്വത്തിനുടമയാണ്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ്, നിയമസഭാ സാമാജികൻ, ജനയുഗം പത്രാധിപർ, സ്വാതന്ത്ര്യസമര സേനാനി, കാൻഫെഡ് സംസ്ഥാന പ്രസിഡന്റ്, കേരള ഗ്രന്ഥശാല പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകൻ എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തനം കാഴ്ചവച്ചു.



തെങ്ങമവും ശങ്കരൻകുട്ടിയും

കേരളം പണ്ട് ഭ്രാന്താലയമായിരുന്നതിന്റെയും, അന്ന് തൊഴിലാളികളും സ്ത്രീകളും അനുഭവിക്കേണ്ടിവന്ന യാതനകളുടെയും കഷ്ടപ്പാടുകളുടെയും നേർക്കാഴ്ചയാണ് അനിൽ വി. നാഗേന്ദ്രൻ തിരക്കഥയെഴുതി സംവിധാനം ചെയ്ത് പ്രദർശിപ്പിച്ച 'വസന്തത്തിന്റെ കനൽവഴികളിൽ' എന്ന ചലച്ചിത്രം. ഇന്ന് സങ്കൽപ്പിക്കാൻതന്നെ സാധിക്കാത്തവിധം ക്രൂരതകൾ നടന്നിരുന്ന ആ കാലഘട്ടത്തെ കണ്ടറിയാൻ ഇന്നത്തെ തലമുറയ്ക്കൊരവസരമൊരുക്കുകയാണ് അനിൽ വി. നാഗേന്ദ്രൻ വസന്തത്തിന്റെ കനൽവഴികളിൽ എന്ന ചലച്ചിത്രത്തിലൂടെ.

കേരളത്തിലെ അരയ ജനവിഭാഗത്തെ സംഘടിപ്പിച്ച് 'സമസ്ത കേരളീയ അരയ മഹാജനയോഗം' രൂപീകരിച്ച്, അരയ സമൂഹത്തിന്റെ സർവതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ച സാമൂഹ്യപരിഷ്കർത്താവ്

ഡോ. വി.വി. വേലുക്കുട്ടി അരയൻ (1894-1969), പുത്രൻ അഡ്വ: വി.വി. നാഗേന്ദ്രനും (1927-2012) പൗത്രൻ അനിൽ വി. നാഗേന്ദ്രനും, ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയും ആത്മ മിത്രങ്ങളായിരുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വിലക്കുള്ള അക്കാലത്ത് ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രവർത്തനത്തിന്റെ താവള മായും സാമൂഹ്യപിന്നോക്കാവസ്ഥയ്ക്കെതിരേ സാമാന്യജ നങ്ങളിൽ അവബോധം വളർത്താനും 1946-ൽ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയും സുഹൃത്തുക്കളായ ആർ.എസ്. വാര്യർ, കടയ്ക്കമീനത്തേരിൽ മാധവസ്വാമി, തയ്യിൽ ദിവാകരൻ, രാമകൃഷ്ണൻ ആചാരി, സുകുമാരൻനായർ, ഹരിദാസൻ, മണ്ണാന്റയ്യത്ത് ശ്രീധരൻ എന്നിവരും ചേർന്ന് ചങ്ങൻകുളങ്ങരയിൽ 'ചലനം വായനശാല' എന്നപേരിൽ ഒരു സാംസ്കാരിക കേന്ദ്രം തുടങ്ങി. 'ചലനത്തിന്റെ ലക്ഷ്യം പരിപൂർണ്ണമായി നിറവേറ്റാൻ കഴിഞ്ഞുവെന്നതാണ് ചങ്ങൻകുളങ്ങരയുടെ കലാസാംസ്കാരിക ഉന്നമനം സാക്ഷ്യംവഹിക്കുന്നത്.

കേരളപ്പിറവിയുടെ മുന്നോടിയായി 1955ൽ ചലനം വായനശാലയെ വള്ളത്തോൾ നാരായണമേനോൻ വലിയ കുളങ്ങര ദേവീക്ഷേത്ര മൈതാനത്ത് നടന്ന പൊതുസമ്മേ ളനത്തിൽ "ചങ്ങൻകുളങ്ങര ഐക്യകേരള ഗ്രന്ഥശാല & വായനശാല"യെന്ന് പുനർ നാമകരണം ചെയ്ത്, തിരുവി താംകൂർ ഗ്രന്ഥശാലാസംഘത്തിൽ അംഗമാക്കി. കേരളപ്പി റവിക്കുശേഷം കേരളഗ്രന്ഥശാലാസംഘം നിലവിൽവന്ന് നവോത്ഥാന പ്രസ്ഥാനത്തിന്റെ മികവുറ്റ കണ്ണിയായി നില കൊള്ളുന്നു.



എന്ത്

മലയാളി മനസ്സിൽ കട്ടപിടിച്ചുകിടന്ന ജാതിക്കറ കഴുകിക്കളഞ്ഞും പുരോഗമന ആശയങ്ങൾ പ്രചരിപ്പിച്ചും കമ്മ്യൂണിസം ജനമുന്നേറ്റമുണ്ടാക്കി. ചുമന്ന പതിറ്റാണ്ടെന്ന് 1950കൾ അറിയപ്പെട്ടു. 1956ൽ കേരള സംസ്ഥാനം നിലവിൽവന്നു. ലോകത്താദ്യമായി, 1957ൽ നടന്ന തിരഞ്ഞെടുപ്പിലൂടെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലേറി ചരിത്രം സൃഷ്ടിച്ചു.

കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളെ സജീവ രാഷ്ട്രീയത്തിൽ ബന്ധപ്പെടുത്തിയ ഓച്ചിറ ശങ്കരൻകുട്ടി, മാനുഷിക പീഡനങ്ങൾക്കെതിരേ സഹതപിച്ച് മാനവമഹത്വം മാറോടണച്ച്, 1960കളുടെ തുടക്കത്തിൽ രാഷ്ട്രീയം ഉപേക്ഷിച്ച് ദേശീയ നൃത്തരംഗത്ത് സജീവമായി ●



# 5. ദേശീയ നൃത്തരംഗത്ത്

വിശ്വവിഖ്യാത നർത്തകൻ ഉദയശങ്കറിന്റെ ക്ഷണം സ്വീകരിച്ച് കൽക്കട്ടയിലേക്ക് പുറപ്പെടാനുറച്ച ഓച്ചിറ ശങ്കരൻകുട്ടിയെ അലട്ടിക്കൊണ്ടിരുന്നത് വൃദ്ധരായ മാതാപിതാക്കളെ പിരിഞ്ഞിരിക്കേണ്ടിവരുമല്ലോ എന്നതായിരുന്നു. ഒടുവിൽ മാതാപിതാക്കളെ മനസ്സിൽത്തന്നെ പ്രതിഷ്ഠിക്കാൻ തീരുമാനിച്ചു.

അന്ന് ഫോട്ടോ എടുത്ത് സൂക്ഷിക്കുകയെന്നത് സർവ്വസാധാരണമായിരുന്നില്ലെങ്കിലും, ഓച്ചിറ അന്നദാനമന്ദിരത്തിനോടു ചേർന്നുണ്ടായിരുന്ന ജയ സ്റ്റുഡിയോയിലെ ഫോട്ടോഗ്രാഫർ വാരണപ്പള്ളി സഹദേവപ്പണിക്കരെ വരുത്തി അച്ഛനമ്മമാർ ചേർന്നിരിക്കുന്ന ഫോട്ടോ എടുപ്പിച്ച് കയ്യിൽകരുതി. ആർട്ടിസ്റ്റ് മേമന പുരുഷനെക്കൊണ്ട് ഓയിൽ പെയിന്റിൽ വരപ്പിച്ചത് വീട്ടിൽ സൂക്ഷിച്ചു.

1961ൽ കൽക്കട്ടയിലെ 'ഉദയശങ്കർ ഇന്ത്യ കൾച്ചറൽ സെന്ററി'ൽ എത്തി ഉദയശങ്കർ–അമലാശങ്കർ ദമ്പതിമാരുടെ നൃത്തസംഘത്തിൽ ചേർന്നു. 1948ൽ ഉദയശങ്കർ നിർമ്മിച്ച മുഴുനീള നൃത്ത ചലച്ചിത്രമായ 'കൽപ്പന'യുടെ ചിത്രീകരണവേളയിൽ മദ്രാസിലെ ജെമിനി സ്റ്റുഡിയോയിൽവച്ച് അടുത്തറിഞ്ഞ ഓച്ചിറ ശങ്കരൻകുട്ടിയെ വീണ്ടും കണ്ടുമുട്ടിയതിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു.




ദയ – കരുണ

ഹിമാലയൻ താഴ്വരയിലെ അൽമോറ ആയിരുന്നു 1938ൽ സ്ഥാപിതമായ ഉദയശങ്കർ ഇന്ത്യ കൾച്ചറൽ സെന്ററിന്റെ ആസ്ഥാനം. മഹാനടൻ ശങ്കരൻ നമ്പൂതിരി (1881 –1943)യെ ഗുരുവായി വരിച്ച് അൽമോറയിൽ താമസിപ്പിച്ച്

ഉദയശങ്കർ കഥകളി അഭ്യസിച്ചു. 1960ൽ പ്രവർത്തനമണ്ഡലം അൽമോറയിൽനിന്ന് കൽക്കട്ടയിലേക്ക് മാറ്റുകയായിരുന്നു.

ഭാരതീയ ശാസ്ത്രീയനൃത്തവും നാടോടിനൃത്തവും കൂട്ടിയിണക്കിയ നൃത്തശൈലിയിൽ, നൃത്തവും സംഗീതവും നൂറുക്ക് നൂറിന് സമന്വയിപ്പിച്ച് അതിമനോഹരമായി നൃത്തപരിപാടികൾ അവതരിപ്പിച്ച മറ്റൊരു നൃത്തസംഘം ഭാരതത്തിൽ ഉണ്ടായിട്ടില്ല.

ലോകപ്രശസ്ത സിതാർ വാദകൻ ഭാരതരത്നം പണ്ഡിറ്റ് രവിശങ്കർ പശ്ചാത്തലസംഗീതം ഒരുക്കിയ നൃത്തരംഗങ്ങൾ ഭാരതീയ നൃത്തത്തിന് ഇന്ത്യയിലും വിദേശത്തും പ്രശസ്തിയും പ്രചാരവും നേടിക്കൊടുത്തു.



സർപ്പരാജൻ

രാമായണം, ഭഗവത്ഗീത തുടങ്ങിയ ബാലെകളും പക്ഷിമൃഗാദികളുടെ ഭാവാനുകരണത്തോടുകൂടിയ പഞ്ചതന്ത്രം കഥകളുടെ നൃത്താവിഷ്കാരവും ഭാരതത്തിലുട നീളം കാഴ്ചവച്ച ഓച്ചിറ ശങ്കരൻകുട്ടി വിഖ്യാത നർത്തകനായി അറിയപ്പെട്ടു.

1962 ഒടുവിൽ അനാരോഗ്യംമൂലം ഉദയശങ്കറിനോട് വിടചൊല്ലി ഓച്ചിറ ശങ്കരൻകുട്ടി ജന്മനാട്ടിൽ തിരിച്ചെത്തി ●



# 6. കേരളനടന പ്രയോക്താവും പ്രചാരകനും

കഥകളിയുടെ നൃത്തരൂപമാണ് കേരളനടനം. ചിട്ടപ്പെടുത്തിയത് ഗുരുഗോപിനാഥ്. സാമാന്യ കലാസ്വാദകർക്ക് ഉൾക്കൊള്ളാൻ വിഷമമായതിനാൽ, കഥകളി സമൂഹത്തിൽനിന്ന് അകന്നുപൊയ്ക്കൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ ദുർവിധിയിൽ മനംനൊന്താണ് ഗുരുജി കേരളനടനം രൂപകല്പ്പന ചെയ്തത്. 1931 ഡിസംബർ 12ന് ഗുരുഗോപിനാഥും വിദേശ വനിത രാഗിണീദേവിയും ചേർന്ന് ബോംബെയിൽ അവതരിപ്പിച്ച രാധ-കൃഷ്ണ നൃത്തത്തോടെയാണ് കേരളനടനം തുടക്കമിട്ടത്.

കഥകളിയിലെ താളമേളങ്ങളും നർത്തകർക്ക് ചേരുന്ന വേഷഭൂഷാദികളുമാണ് കേരളനടനത്തിന് ഉപയോഗിക്കാറുള്ളത്. ചെണ്ട, മദ്ദളം, ഇലത്താളം, കൂടാതെ ഹാർമോണിയം, തബല, സിത്താർ തുടങ്ങിയ സംഗീത

ഉപകരണങ്ങളും ആവശ്യത്തിന് ഉപയോഗിക്കാറുണ്ട്. ഭാരതത്തിലെ ഏതുഭാഷയ്ക്കും യോജ്യമാണ് കേരളനടനം. നടനചാരുതയും അവതരണ ലാളിത്യവും കേരളനടനത്തെ ഹൃദ്യമാക്കുന്നു.

സാമൂഹിക സമകാലിക വിഷയങ്ങൾ അവതരിപ്പിച്ച് ജനശ്രദ്ധനേടാൻ ഏറ്റവും പറ്റിയ മാധ്യമമാണ് കേരളനടനം എന്ന് കണ്ടാണ് സാമൂഹ്യനാടകവും കേരളനടനവും സമന്വയിപ്പിച്ച നൃത്തനാടകം, സാമൂഹിക അനീതിക്കെതിരേ ആഞ്ഞടിക്കാൻ നവോത്ഥാനകാലത്ത് ഓച്ചിറ ശങ്കരൻകുട്ടി പ്രയോജനപ്പെടുത്തിയത്. ആദ്യകാലത്ത് ഈ നൃത്തരൂപം കഥകളി ഡാൻസ് എന്നാണ് അറിയപ്പെട്ടിരുന്നത്.

കഥകളി, വിദേശികളുടെ അംഗീകാരം നേടുന്നതിനു മുൻപുതന്നെ ലോകമെമ്പാടും പ്രചാരം സിദ്ധിച്ച കേരളനടനം, സാക്ഷാൽ കഥകളിക്കുതന്നെ ലോകപ്രശസ്തി നേടിക്കൊടുക്കാൻ നിർണ്ണായക പങ്കുവഹിച്ചു.

ഉദയശങ്കറും ഗുരുഗോപിനാഥും മുൻനിര കേരളനടന പ്രചോദകർ. കേരളനടനത്തിന്റെ ആദ്യകാല പ്രയോക്താക്കളിൽ പ്രമുഖനും പ്രചാരകനുമായിരുന്ന ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി, കേരളനടനത്തെ മുഖ്യധാരയിൽ എത്തിക്കാൻ സുപ്രധാന പങ്കുവഹിച്ചു. കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ, കേരളനടനം മത്സരയിനമാക്കാൻ അദ്ദേഹം നടത്തിയ പ്രയത്നം വിലപ്പെട്ടതാണ്. സംസ്ഥാന സ്കൂൾ കലോത്സവ കേരളനടന മത്സരവിജയിക്ക് ഒരു പവൻ പുരസ്കാരം നൽകി അദ്ദേഹം കേരളനടനത്തെ പ്രോത്സാഹിപ്പിച്ചുപോന്നു.

1970–'85 കാലഘട്ടത്തിൽ ഓച്ചിറ ശ്രീമാരുതി നൃത്ത കലാക്ഷേത്രത്തിനും മറ്റുചില സമിതികൾക്കും വേണ്ടി രൂപ കല്പനചെയ്ത കൃഷ്ണാർജ്ജുനീയം, മാളവിക, ഹിരണ്യൻ, ഭദ്രകാളി വിജയം തുടങ്ങിയ ബാലെകളും ധ്രുവ ചരിതം, പത്മാസുര മോഹിനി, ഗൗരീശങ്കരം, ഭഗവത്ദൂത്, രുഗ്മാംഗദമോഹിനി, നരസിംഹാവതാരം തുടങ്ങി ഒട്ടേറെ നൃത്തനാടകങ്ങളും സംവിധാനം ചെയ്ത് കലാകേരളത്തിന് സമർപ്പിച്ചു. കേരളനടന ശൈലിയിൽ ചിട്ടപ്പെടുത്തിയ പ്രസ്തുത നൃത്തശില്പങ്ങൾ ആസ്വദിച്ച കലാലോകം, അഭി നന്ദനങ്ങളും പൊന്നാടകളും കീർത്തിപത്രങ്ങളും പുരസ്കാ രങ്ങളും നൽകി ശങ്കരൻകുട്ടിയെ ആദരിച്ചു.



യോഗ്യൻ


ക്ഷേത്രാങ്കണത്തിന് ഇണങ്ങുംവണ്ണം വർണ്ണിക്കുന്ന പുണ്യപുരാണകഥകൾ. ലളിതമായ ഭാഷാശൈലി. കേരളത്തനിമയാർന്ന നടനചാരുതയും താളമേളങ്ങളും വേഷഭൂഷാദികളും. നൂറുശതമാനം കൃത്യതയോടെ ചിട്ടപ്പെടുത്തിയ നൃത്തവും സംഗീതവും. ആസ്വാദകന്റെ അഭിരുചി അറിഞ്ഞ സംവിധാനശൈലി. ഇവയെല്ലാം കേരളനടനത്തിന് പ്രചാരവും പ്രശസ്തിയും നേടിക്കൊടുത്തു.

പന്നിശ്ശേരി നാണുപിള്ളയുടെ ഭദ്രകാളിവിജയം ആട്ടക്കഥ, നൃത്താവിഷ്കാരം നടത്തിയതാണ് ഭദ്രകാളി വിജയം ബാലെ. ഓച്ചിറ തുഞ്ചൻഗുരുകുലം ആയിരുന്നു ശ്രീമാരുതിയുടെ ആസ്ഥാന മന്ദിരം.

ഓച്ചിറ ശ്രീമാരുതി നൃത്തകലാക്ഷേത്രത്തിന്റെ അരങ്ങിലും അണിയറയിലും പ്രവർത്തിച്ച കലാകാരന്മാർ- ഐെയ്ക്കാട് രാമകൃഷ്ണപിള്ള, ചീരാഴി ശ്രീധരൻപിള്ള, പ്രയാർ ശ്രീധരൻപിള്ള, ഓച്ചിറ രാജേന്ദ്രൻ, വള്ളിക്കാവ് ശിവൻ, ആദിനാട് രാമകൃഷ്ണപിള്ള, പൊന്നമ്മ, രുഗ്മിണിക്കുഞ്ഞമ്മ, ചെറിയഴീക്കൽ ബീന, സുമ എന്നിവർ നർത്തകർ.

കണ്ടല്ലൂർ സദാശിവനും മകൻ കണ്ടല്ലൂർ ഷാജിയും- ചെണ്ട, അമ്പലപ്പുഴ ശങ്കരക്കുറുപ്പ്- മദ്ദളം, ചാരുംമൂട് ജോൺസൺ, മാവേലിക്കര ജനാർദ്ദനൻ എന്നിവർ- തബല, ഓച്ചിറ ദാസ്- താളം, കൈരളി രവിയും ആന്റപ്പൻ ആലപ്പുഴയും- ഹാർമോണിയം, എന്നിവരായിരുന്നു പക്കമേളക്കാർ.

കോടമ്പള്ളി അപ്പുക്കുട്ടൻപിള്ള, വള്ളികുന്നം അംബിക, പ്രയാർ ശാന്തകുമാരി എന്നിവർ പിന്നണിഗായകർ. വള്ളികുന്നം ദാമോദരന്റെ കവിതകൾക്ക് സംഗീതമേകിയവർ ഓലകെട്ടിയമ്പലം പുരുഷോത്തമനും വെൺമണി വിജയകുമാറും. കൊമേഡിയൻ– ആലപ്പി മണി. ശബ്ദവും വെളിച്ചവും– രാജപ്പൻ. രംഗാലങ്കാരം– കളത്തിൽ രാമചന്ദ്രൻപിള്ള, മാനേജർമാർ ചെമ്പകശേരി രാമചന്ദ്രൻപിള്ള, കളത്തിൽ രാമചന്ദ്രൻപിള്ള എന്നിവർ. സംവിധാനം– നാട്യാചാര്യൻ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി.



ഭാവാഭിനയം

കഥകളി അരങ്ങിലും നൃത്തരംഗത്തും അസുരവാദ്യ വിസ്മയം തീർത്ത കണ്ടല്ലൂർ സദാശിവൻ ചെണ്ടമേളവാദ്യ കലാചാര്യനാണ്. ലാസ്യതാണ്ഡവ സമ്പ്രദായങ്ങളിൽ അധിഷ്ഠിതമായ ചെണ്ടവാദനത്തിൽ അദ്ദേഹത്തിന്റെ പൊടിക്കൈകൾ, കഥകളി നടന്മാർക്കും നർത്തകർക്കും പ്രചോദനപ്രദമാണ്. യുദ്ധരംഗങ്ങളിൽ തേരിന്റെയും രഥത്തിന്റെയും ചക്രങ്ങൾ ഞെരിഞ്ഞമർന്ന് തിരിയുന്നത്, ചെണ്ടയുടെ രൗദ്രതാളത്തിലൂടെ വിസ്മയമാക്കാനുള്ള കണ്ടല്ലൂരിന്റെ കഴിവ് പ്രശംസനീയമാണ്. തായമ്പക വിദഗ്ദ്ധരായ കണ്ടല്ലൂർ ഷൈലജനും കണ്ടല്ലൂർ ഉണ്ണികൃഷ്ണനും, കണ്ടല്ലൂർ സദാശിവന്റെ ശ്രേഷ്ഠ സന്തതികളാണ്. ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയും കണ്ടല്ലൂർ സദാശിവനും കഥകളി-നൃത്ത രംഗങ്ങളിൽ ആറ് ദശാബ്ദത്തിലേറെക്കാലത്തെ സന്തത സഹചാരികളായിരുന്നു.

ആകാശവാണി ആർട്ടിസ്റ്റും തിരുവിതാംകൂറിലെ പ്രശസ്ത സംഗീത വിദ്വാനുമായിരുന്ന കോടമ്പള്ളി ഗോപാലപിള്ള (1901–1995) ഭാഗവതരുടെ ശ്രേഷ്ഠ സന്തതികളാണ് പ്രശസ്ത സംഗീതവിദ്വാന്മാരായ കോടമ്പള്ളി ഗോപിയും കോടമ്പള്ളി അപ്പുക്കുട്ടൻപിള്ളയും കോടമ്പള്ളി കൃഷ്ണപിള്ളയും. ദുബായ് ഏഷ്യാനെറ്റ് റേഡിയൊ പ്രോഗ്രാം എക്സിക്യൂട്ടീവ് കോടമ്പള്ളി രാജീവ്, ആകാശവാണി ആർട്ടിസ്റ്റും പ്രശസ്ത വയലിൻ വാദകനുമായ കോടമ്പള്ളി ഗോപകുമാർ, എന്നിവർ പൗത്രന്മാരും കർണ്ണാടക സംഗീതജ്ഞ കോടമ്പള്ളി രാജശ്രീയും ഗിന്നസ്ബുക്ക് ലോക റിക്കോഡ് ഉടമയും വയലിൻ വാദകയുമായ ആതിര കോടമ്പള്ളിയും പൗത്രിമാരുമാണ്.

1974ൽ അവതരിപ്പിച്ച കൃഷ്ണാർജ്ജുനീയം ബാലെയ്ക്ക് നാന സിനിമാവാരിക (പുസ്തകം-2, ലക്കം-19, തീയതി- 07 ഏപ്രിൽ 1974) എഴുതിയ നിരൂപണത്തിൽനിന്ന് “ഓച്ചിറ ശ്രീ മാരുതി നൃത്തകലാക്ഷേത്രം ഈ വർഷം അവതരിപ്പിക്കുന്നത് കൃഷ്ണാർജ്ജുനീയം ബാലെയാണ്. മഹാഭാരത കഥയെ ആസ്പദമാക്കി ശ്രീകൃഷ്ണനേയും ഗയനേയും അർജ്ജുനനേയും പ്രധാനമായി അനാവരണം ചെയ്യുന്ന ഈ ബാലെ, നമ്മുടെ ബാലെരംഗത്ത് ശ്രദ്ധേയമായ ഒരു തുടക്കമാണെന്ന് പറയാം.”



അർജ്ജുനൻ

"ശൃംഗാര രസത്തിന് അമിതപ്രാധാന്യം നൽകി കച്ചവടലക്ഷ്യത്തോടെയുള്ള ഒരു സമീപനമല്ല ഇതിന്റെ സംവിധായകനായ ഡാൻസർ ശ്രീ. ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി സ്വീകരിച്ചിട്ടുള്ളത്. കലയെ കലയായി കാണാനും അതിന്റെ പ്രയോജനവശത്തെപ്പറ്റി അൽപ്പമെങ്കിലും ചിന്തിക്കാനും അദ്ദേഹം ഇതിലൂടെ തയ്യാറായിരിക്കുന്നു. കേരളത്തിന്റെ മണ്ണിൽ ജനിച്ചുവളർന്ന് ലോകരാഷ്ട്രങ്ങൾ കയ്യടക്കിയ കഥകളിയുടെ ഭാവാവിഷ്ക്കരണവും കലാംശങ്ങളും ഈ ബാലെയിലൂടെ നമുക്ക് ദർശിക്കാം."



ഗുരു

"ശ്രീ. വള്ളികുന്നം ദാമോദരന്റെ ലളിതകോമളമായ വരികളും ഗാനഭൂഷണം വെണ്മണി വിജയകുമാറിന്റെ ഹൃദ്യമായ സംഗീതവും അതിന് പൂർണ്ണതയുടെ പരിവേഷം ചാർത്തുകയും ചെയ്യുന്നു. അഭിനയം ജന്മസിദ്ധമായ ഒരു കഴിവാണെങ്കിൽ ആ കഴിവ് പൂർണ്ണമായും പ്രകടമാക്കുന്നുണ്ട്. ഇതിലെ ഓരോ അഭിനേതാക്കളും. പ്രത്യേകിച്ചും ശ്രീകൃഷ്ണനെ അവതരിപ്പിക്കുന്ന പൊന്നമ്മയും അർജ്ജുനന്റെ വേഷമിടുന്ന ഐയ്ക്കാട് രാമകൃഷ്ണപിള്ളയും സത്യഭാമയായിവരുന്ന രുഗ്മിണിക്കുഞ്ഞമ്മയും ഹതഭാഗ്യനായ ഗയനെ അവതരിപ്പിച്ച പ്രയാർ ശ്രീധരൻപിള്ളയും കാണികളുടെ ഹൃദയത്തിൽ പറ്റിപ്പിടിച്ചു നിൽക്കുകതന്നെ ചെയ്യും."

മദ്ധ്യതിരുവിതാംകൂറിൽ ഉടനീളം നൃത്തകലാക്ഷേത്രങ്ങൾ സ്ഥാപിച്ച ശങ്കരൻകുട്ടി, കേരളനടന ശൈലിയിൽ ശാസ്ത്രീയനൃത്തം അഭ്യസിപ്പിച്ചു. മാവേലിക്കരക്കടുത്ത് ചെട്ടികുളങ്ങര തട്ടയ്ക്കാട്ട്, കരുനാഗപ്പള്ളിയിൽ മരുതൂർകുളങ്ങര, കോട്ടയത്ത് പൊൻകുന്നം, ഓച്ചിറ പ്രയാർ, വള്ളിക്കാവ്, ഓച്ചിറ തുഞ്ചൻഗുരുകുലം, ആലപ്പുഴ എന്നിവിടങ്ങളിലായിരുന്നു പ്രധാനകേന്ദ്രങ്ങൾ. കേരളനടനം വളരെയേറെ പ്രചാരം സിദ്ധിച്ച കാലഘട്ടം ആയിരുന്നു അത്.

കേരളനടനം പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി ഒരുപവൻ തൂക്കമുള്ള 'കേരളനടന ശ്രീശങ്കരപുരസ്കാരം' സ്വന്തമായി ഏർപ്പെടുത്തി. കേരള സർക്കാർ നടത്തിവരുന്ന ഏഷ്യയിലെ ഏറ്റവും വലിയ കലാമേളയായ സംസ്ഥാന

No. Y2/75600/05.

Directorate of Public Instruction
Thiruvananthapuram,
Dated: 21..12..05.

From
The Director of Public Instruction,
Thiruvananthapuram.

To
Sri Ochira P.R. Sankarankutty,
Parameswara Mandiram,
Valiyakulangara,
Ochira P.O.
KOLLAM - 26.

Sir,

Sub:- Awarding of Kerala Nadana Sree Sankara Puraskar--Reg.

Ref:-

******

It is a matter of great joy to the Department in your moble gesture in instituting "Keralanadana Sree Sankara Puraskar" (8 Grams Gold Medal) to the first place winner in Kerala Nadanam competition in the State School Kalolsavam this year. I may further inform you that the same will be arranged to be distributed by the Chief Guest of the validictory function to be held on 23.1.2006 at Ernakulam.

You may take it convenient to attend the function.

With Regards

S. Leelakumari

FOR ~~DIRECTOR OF~~ PUBLIC INSTRUCTION.

Copy to the Deputy Director (Education) Eranakulam
(Gl. Convenor)

Convener Trophy Committee (He is directed to arrange the distribution of the same in the valedictory function. (Through DDE)

Avd/22/12

കേരളനടന മത്സരവിജയിക്ക് ഒരുപവൻ 'കേരളനടന ശ്രീശങ്കര പുരസ്കാരം' ഏർപ്പെടുത്താൻ ഓച്ചിറ ശങ്കരൻകുട്ടിക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ നൽകിയ അനുമതിപത്രം

സ്കൂൾ കലോത്സവത്തിലെ കേരളനടന മത്സരവിജയിക്കാണ് പുരസ്കാരം ലഭിക്കുക. സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ 2005-06 അദ്ധ്യയനവർഷം മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലം കേരളനടന ശ്രീശങ്കര പുരസ്കാരം സമ്മാനമായി നൽകി.

ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗങ്ങളിൽപ്പെട്ട മത്സരാർത്ഥികളിൽ, കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കേരളനടന മത്സരത്തിന് ഏറ്റവും കൂടുതൽ മാർക്കുനേടി ഒന്നാമതെത്തുന്ന ഒരു മത്സരാർത്ഥിക്കാണ് കേരളനടന ശ്രീശങ്കര പുരസ്കാരം നേടാൻ അർഹത ഉണ്ടായിരുന്നത്. സംസ്ഥാന സ്കൂൾ കലോത്സവങ്ങളുടെ സമാപന ചടങ്ങുകൾ നടന്ന വേദികളിൽവച്ച് സമ്മേളനങ്ങളുടെ മുഖ്യ അതിഥികൾ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

2005-06 അദ്ധ്യയനവർഷത്തെ കേരളനടന ശ്രീശങ്കര പുരസ്കാരം കൽപ്പറ്റ എൻ.എസ്.എസ്.എച്ച്.എസ്.എസിലെ വി.ആർ. പാർവ്വതിരാജ് കരസ്ഥമാക്കി. 23-01-2006ൽ എറണാകുളത്തുനടന്ന സംസ്ഥാന സ്കൂൾ കലോത്സവ സമാപന സമ്മേളനത്തിന്റെ മുഖ്യ അതിഥി അന്നത്തെ ബഹു: വിദ്യാഭ്യാസമന്ത്രി ശ്രീ. ഇ.റ്റി. മുഹമ്മദ് ബഷീറിൽനിന്നും പാർവ്വതിരാജ് പുരസ്കാരം ഏറ്റുവാങ്ങി. ഡോ. വേലുക്കുട്ടി അരയന്റെ ചെറുമകളും വി.വി. രാജേന്ദ്രന്റെ മകളുമാണ് വി. ആർ. പാർവ്വതിരാജ്. കേരള സംസ്ഥാന സ്കൂൾ, സർവ്വകലാശാല കലോത്സവങ്ങളിലെ നിത്യഹരിത പ്രതിഭയാണ് പാർവ്വതിരാജ്.




സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കേരളനടന മത്സരവിജയിക്ക് ഓച്ചിറ ശങ്കരൻകുട്ടി സമ്മാനമായി നൽകിവന്നിരുന്ന ഒരുപവൻ 'കേരളനടന ശ്രീശങ്കരപുരസ്കാര എംബ്ലം'

2006-07, 2007-08 അദ്ധ്യയനവർഷങ്ങളിലെ കേരളനടന ശ്രീശങ്കര പുരസ്കാരങ്ങൾ നേടിയത് തിരുവനന്തപുരം ഹോളി എയ്ഞ്ചൽസ് എച്ച്.എസ്.എസിലെ ശ്രീദേവി എസ്. 14-01-2007ൽ കണ്ണൂരിലും 14.01-2008ൽ കൊല്ലത്തും സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ നടന്നു. അവിടങ്ങളിൽനടന്ന സമാപനസമ്മേളനങ്ങളുടെ മുഖ്യ അതിഥിയായിരുന്ന അന്നത്തെ ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ. എം.എ.

ബേബിയിൽനിന്നും ശ്രീദേവി പുരസ്കാരങ്ങൾ സ്വീകരിച്ചു. തിരുവനന്തപുരം ആറ്റുകാൽ ശ്രീഹരിയിൽ വി. ഗോപകുമാറിന്റെ മകളാണ് ശ്രീദേവി.

2008–09 അദ്ധ്യയന വർഷത്തെ കേരളനടന ശ്രീശങ്കര പുരസ്കാരം പാലക്കാട് പുളിയപറമ്പ് എച്ച്.എസ്.എസിലെ ശാരിക റ്റി. കരസ്ഥമാക്കി. 05–01–2009ൽ തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായിരുന്ന അന്നത്തെ ബഹു: വിദ്യാഭ്യാസമന്ത്രി ശ്രീ. എം.എ. ബേബിയിൽനിന്ന് ശാരിക പുരസ്കാരം ഏറ്റുവാങ്ങി.

2009–10 അദ്ധ്യയന വർഷത്തെ കേരളനടന ശ്രീശങ്കര പുരസ്കാരത്തിന് മാവേലിക്കര വള്ളികുന്നം എ.ജി.ആർ. എം. എച്ച്.എസ്.എസിലെ ശ്രീവാണി അന്തർജനം അർഹയായി. 15–01–2010ൽ കോഴിക്കോട്ടുവച്ചായിരുന്നു സംസ്ഥാന സ്കൂൾ കലോത്സവം. കലോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ പുരസ്കാരവിതരണം നടക്കാതിരുന്നതിനാൽ സഞ്ചാർശ്രീ ചന്ദ്രമോഹനനിൽനിന്ന് ശ്രീവാണി അന്തർജനം പുരസ്കാരം ഏറ്റുവാങ്ങി. വെട്ടിക്കോട്ട് ശ്രീനാഗരാജ ക്ഷേത്ര കുടുംബാംഗമാണ് ശ്രീവാണി അന്തർജനം.

കേരളനടന ശ്രീശങ്കര പുരസ്കാര വിതരണം സംസ്ഥാന സ്കൂൾ കലോത്സവസമാപന സമ്മേളനവേദിയിൽ മുഖ്യാതിഥി നിർവ്വഹിക്കും എന്ന വ്യവസ്ഥ 15–01–2010ൽ കോഴിക്കോട്ടുവച്ച് സംസ്ഥാന വിദ്യാഭ്യാസവകുപ്പ് ലംഘിച്ചതിനാൽ, അടുത്തവർഷം മുതൽ കേരളനടന ശ്രീശങ്കര പുരസ്കാരം നൽകേണ്ടതില്ലെന്ന് ഓച്ചിറ ശങ്കരൻകുട്ടി തീരുമാനിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറെ വിവരം അറിയിച്ചു. ●




# 7. മനുഷ്യവിമോചനത്തിന് സർഗ്ഗാത്മക സാഹിത്യം

സാമൂഹ്യ അനീതിക്കെതിരേ പ്രതികരിക്കുക എന്നതായിരുന്നു സർഗ്ഗാത്മക സാഹിത്യ സൃഷ്ടികൾകൊണ്ട് ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി ലക്ഷ്യമിട്ടത്. കവിതകൾ രചിച്ചുകൊണ്ടാണ് സാഹിത്യരംഗത്തേക്ക് കടന്നുവന്നത്. ജന്മികുടിയാൻ വ്യവസ്ഥിതിക്കെതിരേ എഴുതിയ 'ആഭിജാത്യ വിഷപ്പാമ്പ്' (1949) എന്ന കവിത നാട്ടിൽ ഏറെ കോളിളക്കം സൃഷ്ടിക്കുകയും ജീവിതത്തിൽ കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടതായും വന്നു. 'ഐക്യമുന്നണി' (1950), 'മനുഷ്യത്വം' (1951) തിരിച്ചടി (1953) എന്നീ നാടകങ്ങളും 'മനുഷ്യൻ മുന്നേറുന്നു' (1952) എന്ന നൃത്ത നാടകവും ആഭിജാത്യ വിഷപ്പാമ്പ് എന്ന കവിതയുടെ നാടകരൂപവും രംഗാവിഷ്കാരം നടത്തി അസമത്വത്തിനും അനീതിക്കും, അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരേ വിരൽചൂണ്ടി പുരോഗമന ആശയങ്ങൾ പ്രചരിപ്പിച്ചു.

1947ൽ മദ്രാസിൽ താമസിച്ചിരുന്നകാലത്ത് ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി എഴുതിയ വിധിവൈചിത്ര്യം അഥവാ വിജയൻ എന്ന നാടകീയ ഗാനകാവ്യത്തിന് കൊല്ലവർഷം 11–11–1123ൽ എസ്. ഗുപ്തൻനായർ എഴുതിയ പുസ്തകാഭിപ്രായത്തിൽനിന്ന്– 'ചങ്ങംപുഴയുടെ രമണൻ നൽകിയ പ്രചോദനത്തിൽനിന്ന് ഉടലെടുത്ത ഒരു കാവ്യമാണിത്. ചട്ടക്കൂടും പ്രതിപാദനവും ആ ചിട്ടയിൽതന്നെ. പക്ഷേ ഒരു കാര്യത്തിൽ കവി ശ്രദ്ധിച്ചു. ഒരു കെട്ടിത്തൂങ്ങൽ കൂടാതെ കഴിക്കാൻ. ജീവിതത്തിന്റെ പരാരൂപത്തെ തൂങ്ങി മരണത്തിൽ കൊണ്ടുമുട്ടിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. അതിന്റെ വക്കിൽവരെ ചെന്നിട്ടാണെങ്കിലും ഈ കഥാപാത്രങ്ങൾ രക്ഷനേടുന്നു. അങ്ങനെ കഥ ശുഭപര്യവസായിയാക്കിത്തീർത്തുകൊണ്ട് ഈ കവി ജീവിതത്തിന്റെ ആരോഗ്യകരമായ പുരോഗതിയിൽ ആഗ്രഹമുള്ള ആളാണെന്ന് തെളിയിച്ചു. അത്രയും നന്ന്, എങ്കിലും അദ്ദേഹത്തിന്റെ കൃതി ചങ്ങംപുഴയുടെ രമണനെ അത്യന്തഭക്തിയോടെ പിൻതുടരുന്നു എന്ന വസ്തുത നമുക്ക് വിസ്മരിക്കാൻ പാടില്ല. കൂടുതൽ കൂടുതൽ കാവ്യങ്ങളോട് പരിചയപ്പെട്ടും കാവ്യനിരപേക്ഷമായിത്തന്നെ ജീവിതത്തെ കണ്ടും അദ്ദേഹം ഇതിലും മെച്ചപ്പെട്ട കൃതികൾ മേലിൽ എഴുതുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഈ യുവസ്നേഹിതന് സകലവിധ വിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.'

കേരള മദ്യനിരോധന സമിതിയിൽ പ്രവർത്തിച്ചിരുന്ന കാലത്ത് ആത്മസുഹൃത്ത്, ഗാന്ധിയനും സർവ്വോദയ നേതാവും കൊല്ലം ജില്ല മദ്യനിരോധന സമിതി പ്രസിഡന്റുമായിരുന്ന ഓച്ചിറ എൻ.എസ്. പണിക്കരുടെ ആഗ്രഹ



പ്രൊഫ. എസ്. ഗുപ്തൻനായരും ഓച്ചിറ ശങ്കരൻകുട്ടിയും

പ്രകാരം എഴുതിയ നോവലാണ് 'സർപ്പസത്രം' (2003). ശങ്കരൻകുട്ടിയുടെ മറ്റുരചനകളിൽനിന്ന് വേറിട്ടുനിൽകുന്ന സർഗ്ഗാത്മക കൃതിയാണ് ലഹരിവിരുദ്ധ സന്ദേശം നൽകുന്ന സർപ്പസത്രം. പ്രമേയശുദ്ധികൊണ്ടും ആഖ്യാനശൈലി കൊണ്ടും കാലം ആവശ്യപ്പെടുന്ന കൃതിയാണിത്. മദ്യ നിരോധന പ്രസ്ഥാനങ്ങൾക്ക് ഒരു മുതൽക്കൂട്ടാണ് 'സർപ്പസത്രം'.

"ഈ പുസ്തകമൊന്നുവായിക്കണം: ഓച്ചിറ ശങ്കരൻകുട്ടി എഴുതിയ സർപ്പസത്രം". കേരള മദ്യനിരോ ധന സമിതി മുഖപത്രം പ്രൊഹിബിഷൻ മാസിക (സെപ്തം ബർ 2003, പുസ്തകം 17 ലക്കം 12)യിൽ സംസ്ഥാന പ്രസി ഡന്റ് ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ മാസ്റ്റർ എഴുതിയ ലേഖനത്തിന്റെ തലവാചകമാണ് മുകളിൽ ഉദ്ധരിച്ചത്.

അദ്ദേഹം തുടരുന്നു... "മാനവരാശിക്ക് നിത്യനാശം വരുത്തുന്ന ഒരു മഹാതിന്മയ്ക്കെതിരേയുള്ള പോരാട്ടത്തിന് തന്റെ സർഗ്ഗപ്രതിഭയെ പ്രയോജനപ്പെടുത്തുന്ന ഒരു സാഹിത്യകാരനാണ് ശ്രീ. ഓച്ചിറ ശങ്കരൻകുട്ടിയെന്നും ഉന്നതമായ ഉദ്ദേശ്യത്തിൽ അദ്ദേഹം രചിച്ച കാലോചിതമായ കൃതിയാണ് സർപ്പസത്രമെന്ന തന്റെ നോവലെന്നും ആദ്യമായി പറയട്ടെ; അഭിമാനപൂർവ്വം പരാമർശിക്കട്ടെ. മദ്യം കൊണ്ടുള്ള സമൂഹനാശത്തിലുള്ള ദുഃഖം നിമിത്തം മദ്യവിരുദ്ധ പ്രവർത്തനരംഗത്ത് ഉറച്ചുനിൽക്കുന്ന മദ്യനിരോധനപ്രവർത്തകർക്ക് ഒരാവേശവും ആഹ്വാനവുമാണ് ശ്രീ. ശങ്കരൻകുട്ടിയുടെ സർപ്പസത്രം. മദ്യനിരോധന സമിതിയുടെ ഓരോ പ്രവർത്തകനും സർപ്പസത്രം വായിക്കണമെന്നും പ്രോഹിബിഷൻ മാസികയിലേക്ക് ഒരു ആസ്വാദനക്കുറിപ്പ് ഉടനെ അയയ്ക്കണമെന്നും ഇവിടെ സൂചിപ്പിക്കട്ടെ. പുസ്തകനിരൂപണം അടുത്ത ലക്കം മുതൽ ആരംഭിക്കുന്നു: ഇയ്യച്ചേരി.

സർപ്പസത്രത്തിന്റെ അവതാരികയിൽ തെങ്ങമം ബാലകൃഷ്ണൻ എഴുതിയത്- "പ്രകൃതിരമണീയമായ ചെറുകര കാനനഗ്രാമം. അവിടുത്തെ പ്രധാനപ്പെട്ട രണ്ടു കുടുംബങ്ങളെ കേന്ദ്രീകരിച്ചാണ് ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി സർപ്പസത്രത്തിന്റെ ശില്പം ഒരുക്കിയിട്ടുള്ളത്. ഒരു കാലത്ത് പ്രതാപൈശ്വര്യങ്ങളോടെ കഴിഞ്ഞ പൂമംഗലത്ത് തറവാടും മദ്യവ്യവസായവും അനുബന്ധ പ്രവർത്തനങ്ങളുംകൊണ്ട് പെട്ടെന്ന് മുതലാളിയായിമാറിയ പത്മനാഭന്റെ വീടായ പാലത്തിങ്കലുമാണ് ആ കുടുംബങ്ങൾ. ധർമ്മിഷ്ഠനായിരുന്ന പത്മനാഭക്കുറുപ്പിന്റെ കാലശേഷം

പൂമംഗലത്തിനവശേഷിച്ചത് പത്തുസെന്റ് സ്ഥലവും അതിൽ നിൽക്കുന്ന അറപ്പുരയും മാത്രമാണ്. കുറുപ്പിന്റെ മകൻ കേശവപിള്ളയാണ് കഥനടക്കുമ്പോൾ പൂമംഗലത്തെ ഗൃഹനാഥൻ. അച്ഛന്റെ പാത പിൻതുടർന്ന് നാടിനുവേണ്ടി നല്ലകാര്യങ്ങൾ ചെയ്യുകയെന്ന ദൃഢവ്രതത്തോടെ പ്രവർത്തിക്കുന്ന ആളാണ് റിട്ടയേർഡ് അദ്ധ്യാപകനായ കേശവപിള്ള. രണ്ടുമക്കളെ കോളേജിലയച്ച് പഠിപ്പിക്കാനും വീട്ടുകാര്യങ്ങൾക്കും സാമൂഹ്യപ്രവർത്തനങ്ങൾക്കും പെൻഷനുപുറമെ കൂടുതൽ പണം കണ്ടെത്താൻ പൂമംഗലത്ത് കുറെക്കുട്ടികൾക്ക് കേശവപിള്ള ട്യൂഷനും എടുക്കുന്നുണ്ട്."

"പരിഷ്കാരം അധികം കടന്നുചെന്നിട്ടില്ലാത്ത ആ ഗ്രാമത്തിൽ മദ്യനിരോധനം അതിശക്തമായി വളരാൻ തുടങ്ങി. ജനങ്ങൾക്കുപദ്രവമുണ്ടാക്കുംവിധം ഗ്രാമത്തിൽ സ്ഥിതിചെയ്തിരുന്ന ഷാപ്പടപ്പിക്കാൻ മദ്യനിരോധന പ്രവർത്തകർക്ക് കഴിഞ്ഞു. ഇക്കാര്യം മദ്യലോബിയെ വിറളിപിടിപ്പിച്ചുവെന്ന് പറയേണ്ടല്ലോ. മദ്യവർജ്ജന സമിതിയുടെ നിരന്തരമായ സമരത്തിൽ കേശവപിള്ളസാറും അദ്ദേഹത്തിന്റെ മക്കളും കലാശാല വിദ്യാർത്ഥികളുമായ ശാരദയും രാമൻകുട്ടിയും സജീവമാണ്. "നമ്മൾ മദ്യനിരോധന പ്രവർത്തകരാണ്. മഹാത്മജി കാട്ടിത്തന്ന മാർഗ്ഗം നാമും പിൻതുടരുന്നു. മദ്യവർജ്ജനപ്രസ്ഥാനത്തിലധിഷ്ഠിതമായ നിങ്ങളുടെ ജീവിതം എന്നും ഒരു മാതൃകയായിരിക്കണ"മെന്നാണ് കേശവപിള്ള മക്കളേയും അനുയായികളേയും പഠിപ്പിച്ചത്."

"മദ്യനിരോധന പ്രവർത്തനം പത്മനാഭൻ മുതലാളിയേയും അയാളുടെ മകനും കലാശാലവിദ്യാർത്ഥിയുമായ ശശിയേയും വെകിളി പിടിപ്പിച്ചു. തുടർന്ന് കേസും വഴക്കും സംഘട്ടനങ്ങളും സമരങ്ങളും ധാരാളം ഉണ്ടായി. ഒടുവിൽ ഗ്രാമീണർതന്നെ ജയിച്ചു. ധാരാളം തുടർനടപടികൾക്ക് നേതൃത്വം നൽകിയ പത്മനാഭൻ മുതലാളി സ്വയം പത്മനാഭനായി നാട്ടുകാരോടൊപ്പം ചേർന്നു. മകന്റെ അപകട മരണവും സഹോദരിമാരുടെയും മയക്കുമരുന്ന് കള്ളക്കടത്ത് നടത്തിയിരുന്ന അവരുടെ ഭർത്താക്കന്മാരുടെയും ആത്മഹത്യയും ജനങ്ങളുടെ ചെറുത്തുനിൽപ്പും ആ മദ്യപ്രഭുവിനെ തളർത്തുകയും മാനസാന്തരപ്പെടുത്തുകയും ചെയ്തു."

"നേരത്തേതന്നെ പത്മനാഭന്റെ മകൾ സുലോചന മദ്യവിരുദ്ധപ്രവർത്തകയായി തീർന്നിരുന്നു. തന്റെ സ്വത്തുക്കൾ വിറ്റ് ഒരു ലഹിരിവിരുദ്ധ ചികിത്സാകേന്ദ്രം തുടങ്ങാനും ഗ്രാമീണർക്ക് തൊഴിൽ നൽകുന്ന ചില സ്ഥാപനങ്ങൾ ആരംഭിക്കാനും ഒരു ട്രസ്റ്റ് രൂപീകരിക്കുന്നു. അതിന്റെ ഡയറക്ടർ ബോർഡിൽ പോലും ഇരിക്കാൻ പത്മനാഭൻ തയ്യാറാവുന്നില്ല. ട്രസ്റ്റ് ആരംഭിക്കുന്ന സ്ഥാപനങ്ങളുടെ കല്ലിടീലിനോടനുബന്ധിച്ചുനടന്ന ജാഥയ്ക്കൊടുവിൽ കവികൂടിയായ നോവലിസ്റ്റ് എഴുതിയ മദ്യത്തിനെതിരെയുള്ള മുദ്രാവാക്യങ്ങളോടെയാണ് നോവൽ അവസാനിക്കുന്നത്."

"വിരുന്നൊരുക്കി മർത്യരെ ചതിച്ചുകൊല്ലുമുഗ്രമാം
വിഷം മുഴുത്ത മദ്യമാമുരത്തകാളസർപ്പമേ!
ദുരന്തമിങ്ങനന്തമായ് തുടർന്നുകൊണ്ടഹന്തയാൽ
നിരന്തരം ധരാതലം കലാപഭൂമിയാക്കി നീ
കരാളദംഷ്ട്രധാരിണി, അഹോ! കുടുംബവൈരിണീ
നരന്റെ ജീവരക്തമൂറ്റിമോന്തിടും നിശാചരീ
തുടുത്തുറഞ്ഞെഴും വിഷം കവിട്ടിലോകമൊക്കവെ,
മുടിച്ചു നൃത്തമാടി ജയ്‌വിളിച്ചിടുന്ന നിഷ്ഠൂരേ!
കടുത്ത രോഷമോടിതാ വരുന്നു ഞങ്ങൾ, നിൻകുലം
തുടച്ചുനീക്കിടാതിനിയടങ്ങുകില്ലൊരിക്കലും
അടുത്തുനിന്റൊടുക്കമിന്നടുത്തു നിൻകുടിക്കു തീ
കൊടുത്തിടാനൊരുക്കിടുന്നു "സർപ്പസത്ര"മുൽസവം
മദ്യവിഷർപ്പമേ നീയെത്ര മർത്യരെ,
നിത്യവും മൃത്യുവിന്നേകുന്നു നിർഭയം?
വധ്യനീ നീറിദഹിക്കും നിശേഷമീ,
മദ്യനിരോധന "സർപ്പസത്രാ"ഗ്നിയിൽ
ഇല്ല, പിറക്കില്ലിനീയുമൊരാസ്തികൻ
ചൊല്ലേറുമീ, സർപ്പസത്രം മുടക്കുവാൻ!"

"ഹസ്തിനപുരത്തെ ചക്രവർത്തിയായിരുന്ന പരീക്ഷിത്ത് രാജാവ്, ഗവിജാതൻ എന്ന മഹർഷിയുടെ ശാപത്തെ തുടർന്ന് പാമ്പുകടിച്ചുമരിച്ച കഥ പുരാണപ്രസിദ്ധമാണല്ലോ. പാമ്പുകളോടുള്ള പക തീർക്കാൻ മകൻ ജനമേജയൻ എല്ലാ പാമ്പുകളേയും വരുത്തി അഗ്നിയിൽ ഹോമിക്കുന്ന സർപ്പ സത്രം നടത്തി. അതുപോലെ മദ്യമാകുന്ന സർപ്പത്തെ ഹോമിക്കാനുള്ള സത്രം ഒരുക്കിയിരിക്കുകയാണ് ചെറുകര ഗ്രാമത്തിൽ."

“സർപ്പസത്രം വായനക്കാർക്ക് ഒറ്റ ഇരുപ്പിൽത്തന്നെ വായിച്ചുപോകാം. നോവലിന്റെ തുടക്കംതന്നെ നോക്കുക, “ആലക്തിക ദീപപ്രഭയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന രാജവീഥി. കാമുക സമാഗമം കഴിഞ്ഞ് ആലസ്യത്തിൽ ആണ്ടുകിടക്കുന്ന മദാലസയായ കാമുകിയെപ്പോലെ സ്വപ്ന ലഹരിയിൽ മയങ്ങുന്ന തലസ്ഥാനനഗരി.” ഒരു സിനിമയിലെന്നപോലെ തലസ്ഥാനത്തിനടുത്ത തട്ടത്തുമല. ദുർഗ്ഗമമായ വനത്തിലെ പത്മനാഭൻ മുതലാളിയുടെ വാറ്റുകേന്ദ്രത്തിനെതിരേ നടക്കുന്ന റെയ്ഡോടെയാണ് നോവൽ ആരംഭം.”

“തട്ടത്തുമലയെ വർണ്ണിക്കുമ്പോഴും വാക്കുകളുടേയും അലങ്കാരങ്ങളുടേയും ലോഭമില്ലായ്മ നമുക്ക് കാണാം. ഭീകരതയുടെ അവതാരമായ താടക എന്ന മട്ടിൽ രാത്രിയുടെ കരിമ്പടം പുതച്ച് നീണ്ടുനിവർന്ന് കിടക്കുന്ന കാനനപ്രദേശം. അതിനെ രണ്ടായി പകുത്തുകൊണ്ട്, പ്രകൃതിയുടെ വരദാനമായ ചെറുകുന്നിപ്പുഴ ഒരു നവോഢയെപ്പോലെ കുണുങ്ങിക്കുണുങ്ങി മുന്നോട്ടുനീങ്ങുന്നു. പ്രണയപരവശയായ അവൾ ഒരു വാരസുന്ദരിയെന്നവണ്ണം ഉന്മത്തമായി പൊട്ടിച്ചിരിച്ചുകൊണ്ട് സാഗര രാജാവായ വരുണന്റെ സങ്കേതത്തിലേക്ക് പാഞ്ഞുപോവുകയല്ലേ എന്ന് തോന്നിപ്പോകുന്നു.”

“രാമൻകുട്ടി വെളുപ്പിനേ എഴുന്നേറ്റ് പോയി എങ്കിൽ, പ്രഭാതത്തിന്റെ പിറവിക്കുവേണ്ടിയുള്ള പേറ്റുനോവ് തുടങ്ങുംമുമ്പേയുള്ള സമയത്താണ് അയാൾ പോയതെന്ന് നോവലിസ്റ്റ് എഴുതുന്നു.”

‘‘ഇന്നത്തെ നോവലെഴുത്തുകാരുടെ ശൈലിയിൽനിന്നും വ്യത്യസ്തമാണ് ഈ നോവലിസ്റ്റിന്റെ ശൈലി. കഥകളി സാഹിത്യവുമായുള്ള നിരന്തരസമ്പർക്കം, അതിലെ മനോഹരപദങ്ങൽ യഥേഷ്ടം എടുത്ത് പ്രയോഗിക്കാൻ ഈ കഥാകൃത്തിനെ പ്രാപ്തനാക്കുന്നു. നോവലിലുടനീളം ഈ സവിശേഷത നമുക്ക് കാണാനാകും.”

“കലിദ്വാപരന്മാരുടെ പ്രേരണയ്ക്ക് വശംവദനായ പുഷ്കരനെപ്പോലെ കലുഷബുദ്ധിയായ രാമൻകുട്ടിയെ അവതരിപ്പിക്കുമ്പോൾ, പി.ആർ. ശങ്കരൻകുട്ടിയുടെ മനസ്സിൽ നളചരിതത്തിന്റെ പ്രസക്തഭാഗമാണ് തെളിയുന്നത്. ഇങ്ങനെ എത്രയെത്ര ഉദാഹരണം വേണമെങ്കിലും നിരത്താം. അത് ഈ നോവലിലെ പ്രതിപാദനശൈലിയുടെ മികവും ശോഭയും കൂട്ടുന്നതേയുള്ളൂ.”

“ശങ്കരൻകുട്ടി നാടകങ്ങളും നല്ല ഗാനങ്ങളും കവിതകളും എഴുതിയിരുന്നു. അതിൽ പലതും പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ‘വിജയൻ’ എന്ന നാടകീയകാവ്യത്തിന് കേരള സാഹിത്യ അക്കാദമിയുടെ അംഗീകാരവും പാരിതോഷികവും സർട്ടിഫിക്കറ്റും ലഭിച്ചു. 1999ലെ നൃത്തത്തിനുള്ള കേരള സംഗീത നാടക അക്കാദമി അവാർഡ് ലഭിച്ചത് ശങ്കരൻകുട്ടിക്കാണ്. കേരള സാഹിത്യ അക്കാദമിയുടേയും സംഗീത നാടക അക്കാദമിയുടേയും അംഗീകാരം ഒരാൾക്ക് ലഭിക്കുകയെന്നത് അത്ര സാധാരണമല്ല.”

“മദ്യത്തെയും അത് സമൂഹത്തിലുണ്ടാക്കുന്ന ദുരന്തങ്ങളെയും ഒരു വിട്ടുവീഴ്ചയുമില്ലാതെ നോവലിൽ അവതരിപ്പിക്കുന്നു. തനിക്ക് പറയുവാനുള്ളത് മുഴുവനായില്ല

എന്നുവരുമ്പോൾ കഥാപാത്രങ്ങളെക്കൊണ്ട് അതെല്ലാം പ്രസംഗരൂപത്തിൽ അവതരിപ്പിക്കുന്നു. നോവലിന്റെ അന്ത്യത്തിലെ ജി.കെ. പിള്ളയുടെ പ്രസംഗത്തിന്റെ ദൈർഘ്യം കുറയ്ക്കാമായിരുന്നുവെന്ന് വായനക്കാരന് വേണമെങ്കിൽ അഭിപ്രായപ്പെടാം. ഗ്രന്ഥകാരൻ അതിനോട് യോജിക്കുന്നില്ല. മദ്യമില്ലാത്ത ഒരു സമൂഹമാണ് അദ്ദേഹത്തിന് വേണ്ടത്. അത് സാധ്യമാണോ അല്ലയോ എന്നത് വേറെ പ്രശ്നം. വിയോജിക്കുന്നവർക്ക് അവരുടെ അഭിപ്രായത്തിലുറച്ചു നിൽക്കാം. പക്ഷെ നോവലിസ്റ്റിന് ഇക്കാര്യത്തിൽ വിട്ടുവീഴ്ചയില്ല. ഈ വഴിക്ക് ഒരു നിയമമുണ്ടായാൽ അതിൽ ഒരു താമരനൂലിഴയുടെ പിഴവുപോലും ഉണ്ടായിക്കൂടാ. ഈ ആത്മാർത്ഥതയെ അഭിനന്ദിച്ചേ തീരൂ."

"കൂടുതൽ കൃതികൾ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയിൽനിന്നും സഹൃദയലോകം പ്രതീക്ഷിക്കുന്നു."

മദ്യനിരോധനം മനുഷ്യാവകാശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുമെന്നതിനാൽ ഭരണത്തിലിരിക്കുന്ന സർക്കാരിന്റെ ചുമതലയാണ് മദ്യനിരോധനം നടപ്പാക്കുകയെന്നത്. എല്ലാ ക്രിമിനൽ കുറ്റങ്ങളുടെയും പിന്നിലെ വില്ലൻ മദ്യമല്ലാതെ മറ്റൊന്നുമല്ല. മദ്യക്കച്ചവടത്തിൽനിന്നും സർക്കാരിനുകിട്ടുന്ന വരുമാനത്തേക്കാൾ കൂടുതൽ തുക മദ്യപാനമുണ്ടാക്കുന്ന തീരാവ്യാധികളെ നേരിടാൻ സർക്കാർ ചെലവാക്കുന്നുണ്ട്. ആരോഗ്യപ്രശ്നങ്ങളാലുണ്ടാകുന്ന അകാലമരണം ഒഴിവാക്കാനും കുടുംബകലഹത്താൽ വീർപ്പുമുട്ടുന്ന അമ്മപെങ്ങന്മാരുടെ കണ്ണീരൊപ്പാനും മദ്യനിരോധനം നടപ്പാക്കാൻ വേണ്ടത്ര ആർജ്ജവം കാട്ടാൻ സർക്കാർ തയ്യാറാകണം.

കഥകളി (ലേഖനം), കാത്തിരിപ്പ്, അർപ്പണം എന്നീ കവിതാസമാഹാരങ്ങളും ജനപ്രിയങ്ങളായ നിരവധി ഭക്തി ഗാനങ്ങളും കീർത്തനങ്ങളും രചിച്ച ഓച്ചിറ ശങ്കരൻകുട്ടി യുടെ ആറ്റുകാൽ ഭഗവതി സ്തോത്രങ്ങൾ, ആറ്റുകാൽ അംബാപ്രസാദം മാസികയുടെ തുടർലക്കങ്ങളിൽ പ്രസി ദ്ധീകരിച്ചു.

ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി രചിച്ച് കുളത്തൂർ സുകു മാരൻ ഭാഗവതർ സംഗീതം നൽകി കോടമ്പള്ളി ഗോപി, കോടമ്പള്ളി ജഗദമ്മ, മേമന പത്മിനി എന്നിവർ ആലപിച്ച ഓച്ചിറ പരബ്രഹ്മ സ്തോത്രങ്ങൾ, ചങ്ങൻകുളങ്ങര മഹാ ദേവ സ്തോത്രങ്ങൾ, വലിയകുളങ്ങര ഭഗവതി സ്തോത്ര ങ്ങൾ എന്നിവ പുസ്തകമായും സിഡിയായും 1983ൽ പുറത്തിറക്കി.



**ഓച്ചിറ ശങ്കരൻകുട്ടി, സി.എൽ. ജോസ്, ശ്രീമൂലനഗരം മോഹൻ, കെ.പി. ഉദയഭാനു**

നാടകകൃത്തുകൂടിയായ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയുടെ 'ഐക്യമുന്നണി', 'മനുഷ്യത്വം', 'തിരിച്ചടി' എന്നീ നാടകങ്ങളുടെയും 'മനുഷ്യൻ മുന്നേറുന്നു' എന്ന നൃത്തനാടകത്തിന്റെയും 'ആഭിജാത്യ വിഷപ്പാമ്പ്' എന്ന കവിതയുടെ നാടകരൂപത്തിന്റെയും പകർപ്പുകൾ ഇന്ന് ലഭ്യമല്ലെങ്കിലും ഇവയെല്ലാം എഴുതി രംഗത്തവതരിപ്പിക്കുകയും അതിൽ ശങ്കരൻകുട്ടി അഭിനയിക്കുകയും ചെയ്തു എന്ന് രേഖകളിൽ (ആർ. രാജീവ് 1996 സെപ്തംബർ 29ലെ മലയാള മനോരമ ദിനപത്രത്തിൽ എഴുതിയ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയുടെ ലഘുജീവിതചരിത്രം, ഡോ. എൻ. വിജയകൃഷ്ണൻ പ്രൊഹിബിഷൻ മാസികയുടെ ജനുവരി 2004 ലക്കത്തിൽ മദ്യനിരോധനത്തിനുവേണ്ടി ഒരു നോവൽ എന്ന ലേഖനം പതിനൊന്നാംപുറം എന്നിവ) കാണുന്നുണ്ട്.

കവിയെന്ന നിലയിലും ശ്രദ്ധേയനായിരുന്ന ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയുടെ കവിതകൾ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ആദ്യപുറങ്ങളിൽതന്നെ പ്രസിദ്ധീകരിച്ചുവരികയായിരുന്നു പതിവ്. 'ആഭിജാത്യ വിഷപ്പാമ്പ്', 'വിഷവിത്ത്', 'ഉണ്മക്കൊരുമ്മ', 'ഗുരുവന്ദനം', 'നമോവാകം', 'വാത്സല്യമുള്ള കാന്താരി', 'എന്റെ നാട്', 'ശാസ്ത്രം ജയിച്ചു പക്ഷേ', 'ഞാൻകണ്ട കേരളം', 'ഉണരുന്ന കർഷകൻ', 'കാറ്റേവാ', 'സ്വപ്നനർത്തകി' എന്നീ കവിതകൾ ജനശ്രദ്ധ നേടിയവയാണ്.

ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി രചിച്ച ചില കവിതാശകലങ്ങൾ ചുവടെ:

## വിഷവിത്ത്

മൗലികമൂല്യം വിതച്ചു - മത
മൗലിക വാദം മുളച്ചു
വക്രത്തിൻ നേർവളമിട്ടു - മത
വിദ്വേഷത്തണ്ണീർ തളിച്ചു
ജാതിതഴച്ചുവളർന്നു - വിഷ
വാതകം കായായ് പിറന്നു
ചോർന്നൊലിക്കുന്നതിൻ ഗന്ധം - നാടിൻ
ചേതനയ്ക്കേറ്റ ദുരന്തം
മാനവരാശി മിഴിച്ചു -അഭി
മാനികൾ നിന്നുപകച്ചു
ജാതിമതാദിക്കതീതം - നര
ജാതിയൊന്നെന്ന സംഗീതം
സാരം സുധാരസംപോലെ - നിത്യം
പാരിൽ പരത്തീട്ടുചാലെ
വർഗ്ഗഭേദത്തെയകറ്റി - ഏക
വർഗ്ഗം രചിക്കുവാനെത്തി
രക്തം കൊടുത്തോരു നിത്യൻ - കഷ്ടം
ത്യക്തനോ നാടിൻ വിമുക്തൻ
പാരതന്ത്ര്യത്തിന്റെ അന്ത്യം - തീർത്ത
ഭാരതാത്മാവിൻ ഹൃദന്തം
വർഗ്ഗീയ വിഭ്രമം മൂത്ത് - ഒരു
വർഗ്ഗീയവാദി തകർത്തു.
സ്വർഗ്ഗസ്ഥനപ്പുണ്യപൂരം - ഇങ്ങ്
സ്വർഗ്ഗം ചമച്ചോരു ഹീരം
എന്നിട്ടുമോതി നീ “ഫക്കീർ” - മൂത്ത

വർഗ്ഗീയവാദിതന്നെന്ന്
ലജ്ജയില്ലല്ലോ നിനക്കാ - പരി
ശുദ്ധനെ പാടേ പഴിക്കാൻ
ആഭിജാത്യവിഷപ്പാമ്പേ - പരി
പൂർണ്ണക്കുശുമ്പിന്റെ കാമ്പേ !
തക്കത്തിനൊത്തു കളിക്കാൻ - കരു
നീക്കുന്ന കൗശലം നന്ന്.

## എന്റെ നാട്

പ്രകൃതീശ്വരിയരുളീടിന വിഭവങ്ങളിണങ്ങി
പ്രണവത്തിൻ പ്രേരണകൾ മൊട്ടിട്ടുപൊങ്ങി
പ്രകൃതിതൻ നെഞ്ചിലെ ചൂടിൽമയങ്ങി
പ്രസരിയ്ക്കും മമ നാടിൻ മുഖമാകെവിളങ്ങി!

കിളിപാറും വയലിൽ വരിനെന്മണികൾ മിന്നി
തെളിയുംവിള കർഷകനിൽ നവഹർഷമുണർത്തി
കുളിരിന്നലയകതളിരിൽ ശുഭനർത്തനമാടി
ഇളവെയിലിന്നരുണിമയിൽ കനകക്കതിർ ചൂടി

അരിവാളിൻ ചുണ്ടിൽ പുതുപൂപ്പുഞ്ചിരി തിങ്ങി
തരിവളകൾ ചിരിയുതിരും കരവല്ലികൾ ഭംഗി
കരിമിഴിയിൽ കവിതയുമായ് കിളിമൊഴികൾ മയങ്ങി
പെരുവിരലിൽ കളമെഴുതും മലയാളനതാംഗി

തളിർവെറ്റില, മുളകിഞ്ചി, ഹരിചന്ദന, മേലം
ഇളനീരിന്നമൃതിൻ കുടമണിയും വരകേരം
ഇടകലരുന്നതിനിബിഡം മലനിരകൾ തോറും
മടുമലരിൻ മഴപൊഴിയും ചെറുവല്ലിക്കുടിലും

അഴകിൻ കസവണിപോലിവിടൊഴുകും പലനദിയും
തഴുകും പൂഞ്ചോലകളും കളമൊഴിയാം പുഴയും
കമനീയത കളിയാടും കമലിനിയിൽ ഹംസം
കമലത്തിൻ തെളിനാളം നുകരുന്നതിരഭസം

തളിരും മൃദുമലരും ദളഫലവും നറുകനിയും
തിരളും തരുനിരയും രുചികലരും കുറുമൊഴിയും
നിറയും മധുവുറയും സുമമറിയും അളികുലവും
നുകരുന്നിതു മകരന്ദം മുരളീരവമധുരം!
മലയാനില ഗതിയിൽ സ്വരജതിനടനം തുടരും
ലലനാമണി ലതകൾ യുവപവിഴാധരിനടികൾ
ലളിതം കളനിനദം കിളിഗാനം രസമിളിതം
കളിയല്ലതിൽ മുഴുകുന്നിതു പശ്ചാത്തലമനിശം!

കിളിപറയും കഥയെഴുതിയ തുഞ്ചൻകവിതിലകൻ
ജനജീവിത കഥതുള്ളിയ കുഞ്ചൻ, കഥകളിയിൽ
പുരളീപതി, യിരയിമ്മൻ, മുണ്ണായി, ചെറുണ്ണി
വിലസുന്നിതു മമനാടിൻ സുകൃതം വിധിവിഹിതം!

കഥകളിയാം സുധയൊഴുകും കൈരളിയുടെ മിഴിയിൽ
കമലദളം വിരിയുന്നതിസരസം രസചഷകം
നവരസകരമുദ്രാംഗിക ചലനം പദനടനം
ഭുവനേ പുകളേകുന്നിതു കലയുടെ വരകോലായ്

അലകടലും കുലഗിരിയും പുണരും വരകന്യ
നലമൊടു മണിഗണമാലകളണിയുന്നതിധന്യ
ഉലകിൻ തൊടുതിലകം മലനാടിൻമുഖകമലം
ഉയരുന്നതികുതുകം ഹൃദിവളരുന്നനുവേലം.

## പദം

## "വിരഹാർത്തയായ രാധ"

മല്ലാക്ഷിമാരണിയും കല്യേ കഞ്ജനേർമുഖീ!
ചൊല്ലെഴും സുശീലേ എൻ അല്ലൽ നീ കേൾക്കബാലേ!
മുല്ലബാണോപമൻ മനോവല്ലഭൻ നിദ്രയിങ്കൽ
മെല്ലവേ വന്നെൻതനുവല്ലിയവൻ പുണർന്നു!

പല്ലവാംഗുലിയാലെ സോല്ലാസം തലോടവേ
എല്ലാം മറന്നുപോയ്ഞാൻ അല്ലണികുഴലാളേ!
പന്തൊക്കും കൊങ്കകളും ചെന്തൊണ്ടി വായ്മലരും
മുന്തിരിച്ചാറെന്നപോൽ വമ്പനവൻ നുകർന്നു!

മാന്താർശരൻ മമമെയ് ചീന്തിയെറിഞ്ഞീടവേ
സ്വാന്തം കുളിർപ്പിച്ചവൻ പൂന്തേൻ ചുംബനമേകി
ചന്തമിയലുമെന്റെ ചെന്തളിർമേനിയാകെ
കമ്പിതമായനേരം ഹന്തഞാനുണർന്നുപോയ്!

അന്തികം തന്നിലപ്പോൾ സന്താപഭാരമോടെൻ
അന്തരംഗചോരനെ എൻതോഴീ! ഞാൻ തിരഞ്ഞു
കണ്ടില്ലെൻ കാന്തൻകണ്ണൻ! മിണ്ടാതെങ്ങോമറഞ്ഞു
കണ്ടിതോമൽസഖീ നീ! കൊണ്ടൽനേർവർണ്ണൻ തന്നെ!



കലാകുല ശ്രേഷ്ഠ
**ഓച്ചിറ പി. ആർ. ശങ്കരൻകുട്ടി**
പരമേശ്വരമന്ദിരം
വലിയകുളങ്ങര
ഓച്ചിറ പി.ഒ., കൊല്ലം - 690526
കേരളം. ഫോൺ: 95476 - 2690100

കേരള സംഗീത നാടക അക്കാദമി
മുൻ അംഗം.
ഓച്ചിറ വേലുക്കുട്ടി കലാകേന്ദ്രം
രക്ഷാധികാരി.
കരുനാഗപ്പള്ളി കലാകേരളം
അക്കാദമി ഓഫ് ആർട്ട്സ്
ഉപദേശകസമിതി അംഗം.

To  തീയതി 26-10-07

ശ്രീ കലാദർപ്പണം രവീന്ദ്രനാഥ്
(കെ.എൻ. രവീന്ദ്രനാഥ്)
ജനറൽ സെക്രട്ടറി
കലാദർപ്പണം ആർട്ട് ആന്റ് കൾച്ചറൽ
സൊസൈറ്റി ഓഫ് ഇന്ത്യ.

ആശംസാസന്ദേശം

ഞാൻ കലാദർപ്പണത്തിന്റെ 13-ാം വാർഷികത്തോടനുബന്ധിച്ച് പുറത്തിറക്കുന്ന സ്മരണികയ്ക്ക് എന്റെ ഹൃദയംഗമമായ ആശംസകൾ!

കലയുടെ കമനീയഭാവം വിശ്വംഭരം ചാർത്തിയ ഉദാത്തവും ഉൽകൃഷ്ടവുമായ പ്രസ്ഥാനമാണ് കലാദർപ്പണം ആർട്ട് ആന്റ് കൾച്ചറൽ സൊസൈറ്റി ഓഫ് ഇന്ത്യ.

1994-ൽ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ ലക്ഷ്യോദ്ദേശം എന്നത് കലയ്ക്കും കലാകാരന്മാർക്കും ഉന്നതിക്കു വേണ്ടിയാണ്. വർഷം തോറും നടത്തുന്ന കലാകാര സംഗമങ്ങളും, അവാർഡുകൾ, ശില്പശാലകൾ, നാട്യാചാര്യന്മാരായ ഗുരുക്കന്മാരുടെ ആചാര്യ അനുസ്മരണം, ചെയ്ത ഫലങ്ങളും പൊന്നാടകളും നൽകി കലാകാരന്മാരെ ആദരിച്ചു പ്രോത്സാഹിപ്പിക്കുന്നത് ഈ മഹാ പ്രസ്ഥാനത്തിന്റെ ശ്രേഷ്ഠ കർമ്മങ്ങളാണ്.

സ്വന്തം
ഓച്ചിറ  ആദരവോടെ
26-10-07  അങ്ങയുടെ വിശ്വസ്തൻ
കലാകുലശ്രേഷ്ഠ  PRS
ഓച്ചിറ പി. ആർ. ശങ്കരൻകുട്ടി

**ഓച്ചിറ പി. ആർ. ശങ്കരൻകുട്ടിയുടെ കയ്യക്ഷരം**



# 8. മാതാപിതാക്കളുടെ ദേഹവിയോഗം

ശങ്കരൻകുട്ടിയുടെ അച്ഛന് നൂറ് വയസ്സാകുന്നു. അസുഖമൊന്നുമില്ല. അക്കാലത്ത് നാട്ടിൻപുറത്ത് ആർക്കും കാര്യമായ ഒരു രോഗവും വരാറില്ല. ആഹാരംതന്നെ ഔഷധം. പെട്ടെന്ന് ആഹാരത്തോട് മടിപ്പായി. അത്യാവശ്യത്തിനുമാത്രമേ കിടക്കയിൽനിന്ന് എഴുന്നേൽക്കൂ എന്ന മട്ടായി.

തൊട്ടടുത്ത് കുമ്പളത്ത് ശങ്കുപ്പിള്ള മെമ്മോറിയൽ എൻ.എസ്.എസ് ആശുപത്രി. മേനോൻ ഡോക്ടറുടെ സഹായം തേടി. അദ്ദേഹം വീട്ടിൽവന്ന് അച്ഛനെ പരിശോധിച്ചു. "അച്ഛന് കാര്യമായ രോഗമൊന്നുമില്ല. മരുന്ന് കൊടുക്കേണ്ടതില്ല". ഡോക്ടർ അറിയിച്ചു. ആഴ്ചയിൽ ഒന്നോ രണ്ടോ തവണ പരിശോധന നടന്നുകൊണ്ടിരുന്നു.

1973ലെ വസന്തകാലം. അച്ഛന്റെ ആരോഗ്യസ്ഥിതി മോശമായിക്കൊണ്ടിരുന്നു. ഒരു പ്രഭാതത്തിൽ കണ്ണുകൾ മെല്ലെമെല്ലെ അടയുവാൻ തുടങ്ങുന്നതുപോലെ ശ്രദ്ധ യിൽപ്പെട്ടു. ശങ്കരൻകുട്ടിയും അടുത്ത ബന്ധുക്കളും തലയ്ക്കും കാൽക്കലും ആകാംഷയോടെ കാത്തുനിന്നു. ചെറുമകൻ മുത്തച്ഛന്റെ ചുണ്ടിൽ തുളസീജലം അർപ്പിച്ചു. കണ്ണുകൾ സാവധാനം അടഞ്ഞു. സ്വാഭാവികമരണം. അച്ഛൻ യാത്രയായി!

അമ്മയ്ക്ക് കാര്യമായ രോഗമൊന്നുമില്ല. 1975 ജൂലൈ മാസം. മിഥുനം കർക്കിടകത്തിൽ ചിത്രഗുപ്തൻ കണക്കു പുസ്തകവുമായി വരുമെന്ന് പഴമക്കാർ വിശ്വസിച്ചിരുന്ന മഴ ക്കാലം. അമ്മ കിടപ്പിലായി. ആഹാരം വേണ്ടെന്നായി

ഒമ്പതാം ദിവസം അമ്മ മരിച്ചു. സുഖമരണം. അച്ഛ ന്റെയും അമ്മയുടെയും അവസാനകാലത്ത് കൂടെയുണ്ടാ വാൻ ഇടയായതും ഓർമ്മയ്ക്കായി അവരുടെ ചിത്രം വരച്ച് സൂക്ഷിക്കാൻ കഴിഞ്ഞതും മുൻകാല സുകൃതമായി ശങ്ക രൻകുട്ടി ആശ്വസിച്ചു ●



# 9. കലാദർപ്പണവും ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യയും

സാംസ്കാരിക ഉന്നതി ലക്ഷ്യമിട്ട് കലകളുടെയും കലാകാരന്മാരുടെയും പോഷണത്തിന്, ഗാന്ധിമാർഗ്ഗം മാർഗ്ഗ ദീപമാക്കി എറണാകുളം നെടുമ്പാശേരിയിൽ കെ.എൻ. രവീന്ദ്രനാഥും കൂട്ടരും 1994ൽ ആർട്ട് ലവേഴ്സ് അസ്സോസിയേഷൻ എന്ന കലാ-സാംസ്കാരിക സംഘടന രൂപീകരിച്ചു. സംഘടനയുടെ ജനറൽ സെക്രട്ടറി കെ.എൻ. രവീന്ദ്രനാഥ്. സംഘടനയുടെ മുഖപത്രം 'കലാദർപ്പണം'. പ്രമുഖ ശില്പിയും ചിത്രകാരനുമായ എം.വി. ദേവൻ കലാദർപ്പണം ചീഫ് എഡിറ്റർ. ക്രമേണ സംഘടന 'കലാദർപ്പണം' എന്നറിയപ്പെട്ടു. എം.വി. ദേവൻ കലാദർപ്പണത്തിന്റെ അദ്ധ്യക്ഷനായി ചുമതലയേറ്റു. ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി കലാദർപ്പണത്തിൽ അംഗമായി ചേർന്നു.

കലാദർപ്പണം വർഷംതോറും കലാകാരസംഗമ-സാംസ്കാരിക സമ്മേളനം നടത്തി കലാകാരന്മാരെ ആദരിച്ചുവന്നു. കലാരത്ന, കലാശ്രീ, കലാശ്രേഷ്ഠ, കലാകുലശ്രേഷ്ഠ, കലാകുലപതി പദവികൾ നൽകി പുരസ്കാര വിതരണം കെങ്കേമമാക്കി.

കലാകാരന്മാർ കേൾവികേട്ടു. കലാദർപ്പണം ദേശീയതലത്തിൽ അറിയപ്പെട്ടു. കെ.എൻ. രവീന്ദ്രനാഥ് കലാദർപ്പണം രവീന്ദ്രനാഥ് എന്ന് കീർത്തികേട്ടു. കലാദർപ്പണം, ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ (ACMI) എന്ന പേരിൽ പ്രവർത്തിച്ചു തുടങ്ങി. ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി കൊല്ലം ജില്ലാരക്ഷാധികാരിയായി ചുമതലയേറ്റു.

സഞ്ചാർശ്രീ ചന്ദ്രമോഹനൻ കേന്ദ്ര സർക്കാർ സേവനത്തിൽനിന്ന് വിരമിച്ച്, ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യയിൽ അംഗമായി. 2008 ഒക്ടോബറിൽ കേരളാഘടകം സെക്രട്ടറിയായും കലാദർപ്പണം എഡിറ്റോറിയൽ ബോർഡ് അംഗമായും തിരഞ്ഞെടുക്കപ്പെട്ടു.

എം.വി. ദേവൻ അനാരോഗ്യംമൂലം 2009ൽ ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യയുടെ അദ്ധ്യക്ഷപദവി ഒഴിഞ്ഞെങ്കിലും ഉപദേശക സമിതി അദ്ധ്യക്ഷസ്ഥാനം നൽകി അദ്ദേഹത്തെ ആദരിച്ചു.

2009 ആഗസ്റ്റ് 17 (ചിങ്ങം 1) ന് വൈക്കത്ത് നടന്ന 15-ാം വാർഷിക സമ്മേളനത്തിൽ കലാദർപ്പണം രവീന്ദ്രനാഥിനെ ACMI അദ്ധ്യക്ഷനായും സഞ്ചാർശ്രീ ചന്ദ്രമോഹനനെ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

2009 ഒക്ടോബർ 14ന് സംഘടന, ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ (ACMI) എന്നപേരിൽ എറണാകുളം ജില്ലാ സംഘംരജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ദേശീയതലത്തിൽ ശക്തമാക്കി. അന്തർദേശീയ തലത്തിലേക്കുവരെ സംഘടനയെത്തിക്കഴിഞ്ഞു.

2001ലെ കലാദർപ്പണകലാകാരസംഗമത്തിൽ 'കലാദർപ്പണം പുരസ്കാരം' നൽകി ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയെ ആദരിച്ചു. കലാ-സാംസ്കാരിക രംഗത്തെ വിലപ്പെട്ട പ്രവർത്തനങ്ങൾ മാനിച്ച് ആർട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ 8-10-2006ൽ കൊച്ചി ഫൈൻ ആർട്സ് ഹാളിൽ നടന്ന സാംസ്കാരികസമ്മേളനത്തിൽ, കലാകുലശ്രേഷ്ഠ പുരസ്കാരം നൽകി ശങ്കരൻകുട്ടിയെ ആദരിച്ചു.




**ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ മഹാകലാകാര സംഗമ സാംസ്കാരിക സമ്മേളനം- 2006. എം.വി. ദേവന്റെ അദ്ധ്യക്ഷപ്രസംഗം. നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടി സമീപം. പ്രശസ്ത വ്യക്തികളും കലാകാരൻമാരും വേദിയിൽ**

04-10-2010ൽ എറണാകുളം ടൗൺഹാളിൽ നടന്ന മഹാകലാകാര സംഗമ സാംസ്കാരിക സമ്മേളനത്തിൽ, കലാ-സാഹിത്യ-സാംസ്കാരികരംഗത്തെ സമഗ്ര സംഭാവനകൾ മാനിച്ച് പൊന്നാടയും ബഹുമതിപത്രവും നൽകി ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയെ ആർട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ ആദരിച്ചു.

നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടിയുടെ ആരോഗ്യനില നാൾക്കുനാൾ മോശമായിക്കൊണ്ടിരുന്നു. മകൻ കൂടെ വേണമെന്ന് അദ്ദേഹം നിർബന്ധം പിടിക്കാൻ തുടങ്ങി. മകനെ പുറത്തേക്ക് വിടാതെയായി. ഈ സാഹചര്യത്തിൽ സഞ്ചാർശ്രീ ചന്ദ്രമോഹനൻ ACMI ജനറൽസെക്രട്ടറി സ്ഥാനം ത്യജിച്ച്, 2012 ആഗസ്റ്റിൽ രാജിവച്ചു ●



# 10. അംഗീകാരങ്ങൾ

കുട്ടിക്കാലത്ത് ശങ്കരൻകുട്ടിയിൽ കലാമുകുളങ്ങൾ വിരിയിച്ചത് വലിയകുളങ്ങര ദേവീക്ഷേത്ര പരിസരം. കളിച്ചു വളർന്നതും തിരുമുറ്റത്ത്. ക്ഷേത്രഭരണസമിതി തെക്കും വടക്കും കരക്കാർ ചേർന്നൊരുക്കിയ വലിയകുളങ്ങര ദേവീ പുരസ്കാരം (1983) ദേവസ്വം സെക്രട്ടറി പുന്തല ബാലകൃഷ്ണപിള്ളയും ആരാധകരും ചേർന്ന് നൽകി ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയെ ആദരിച്ചു. ജന്മനാടിന്റെ ആദരം മറ്റേതിലും മഹത്തരമെന്ന് നാട്യാചാര്യൻ ഉള്ളിൽ കുറിച്ചു.

കഥകളി അരങ്ങേറ്റത്തിനും ശങ്കരൻകുട്ടിയുടെ ആദ്യ നാടകം 'ഐക്യമുന്നണി'യുടെ രചനയ്ക്കും സാക്ഷ്യം വഹിച്ച ചങ്ങൻകുളങ്ങര മഹാദേവർക്ഷേത്രം. ക്ഷേത്രഭരണസമിതിയും ചങ്ങൻകുളങ്ങര പൗരാവലിയും ചേർന്ന്

സംഘടിപ്പിച്ച സമ്മേളനത്തിൽ തന്ത്രിമുഖ്യൻ ആദിത്യൻ നമ്പൂതിരിയിൽനിന്ന് ഓച്ചിറ ശങ്കരൻകുട്ടി ചങ്ങൻകുളങ്ങര മഹാദേവർ പുരസ്കാരം (1985) ഏറ്റുവാങ്ങി.

ഓംകാരമൂർത്തിയുടെ ആവാസകേന്ദ്രമായ ഓച്ചിറ പടനിലം. 2000 നവംബറിൽ വൃശ്ചികം പന്ത്രണ്ട് വിളക്ക് മഹോത്സവ സാംസ്കാരിക സമ്മേളനത്തിൽ, അശ്വതിതി രുന്നാൾ ഗൗരി ലക്ഷ്മി ഭായി ഓച്ചിറ പരബ്രഹ്മ പുരസ്കാരം നൽകി ഓച്ചിറ ശങ്കൻകുട്ടിയെ ആദരിച്ചു.

പുതുപ്പള്ളി രാഘവന്റെ പാദം തൊട്ടുവണങ്ങി മാറോ ടണച്ച് സ്വീകരിച്ച വലിയകുളങ്ങര പൗർണ്ണമി ആർട്സ് ആദരം 1997, ഓച്ചിറ വേലുക്കുട്ടി പുരസ്കാരം, ഓച്ചിറ കാസോ പുരസ്കാരം, വേലുക്കുട്ടി അരയൻ പുരസ്കാരം എന്നിവയും ഓച്ചിറ ശങ്കരൻകുട്ടിക്ക് ഉണർവേകി.

കേരള സംഗീത നാടക അക്കാദമി സംസ്ഥാന അവാർഡ് (1999), കേരള സാഹിത്യ അക്കാദമി പ്രത്യേക പുരസ്കാരം (1979), കലാദർപ്പണം അവാർഡ് (2001), ആർട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ കലാകുലശ്രേഷ്ഠ പുര സ്കാരം (2006), യേശുദാസ് ഗാനഗന്ധർവ്വ സംഗീതം സ്വര ലയ-കൈരളി പുരസ്കാരം (2009), ACMI സമഗ്ര സംഭാവ നാപുരസ്കാരം (2010), സംസ്കൃതി ആചാര്യവന്ദനം പുര സ്കാരം (2012) എന്നിങ്ങനെ ഒട്ടേറെ പുരസ്കാരങ്ങൾ നൽകി കലാ സാംസ്കാരിക കേരളം നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടിയെ ആദരിച്ചു.




**കേരള സംഗീത നാടക അക്കാദമി സംസ്ഥാന അവാർഡ്– 1999**
**ബഹു. സാംസ്കാരികവകുപ്പുമന്ത്രി റ്റി.കെ. രാമകൃഷ്ണനിൽനിന്ന്**
**നാട്യാചാര്യൻ സ്വീകരിക്കുന്നു.**

മലയാളഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ സംഭാവന പരിഗണിച്ച്, വിധിവൈചിത്ര്യം അഥവാ വിജയൻ എന്ന നാടകീയ ഗാനകാവ്യത്തിന് കേരള സാഹിത്യ അക്കാദമി ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയെ ആദരിച്ചപ്പോൾ നൃത്ത കലാരംഗത്തും കഥകളിരംഗത്തും നൽകിയ സ്തുത്യർഹമായ സംഭാവനകൾ മാനിച്ചാണ് കേരള സംഗീത നാടക അക്കാദമി സംസ്ഥാന ബഹുമതി നൽകി അദ്ദേഹത്തെ ആദരിച്ചത്.

കേരള സംഗീത നാടക അക്കാദമി അംഗം (2004), ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ കൊല്ലം ജില്ലാ രക്ഷാധികാരി, ഓച്ചിറ വേലുക്കുട്ടി കലാകേന്ദ്രം

രക്ഷാധികാരി, കരുനാഗപ്പള്ളി കലാകേരളം അക്കാദമി ഓഫ് ആർട്ട്സ് ഉപദേശകസമിതി അംഗം, ചങ്ങൻകുളങ്ങര എസ്.ആർ.വി.യു.പി.എസ്. പി.ടി.എ. പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

കഥകളി കോലങ്ങൾകെട്ടി നോക്കുകുത്തികളെപ്പോലെ ജാഥകൾ, ആഘോഷപരിപാടികൾ, ടിവി പരസ്യങ്ങൾ എന്നിവകൾക്ക് ചില കലാകാരന്മാർ നിറമനസ്സോടെ അകമ്പടി സേവിക്കുന്ന കാഴ്ചകൾ കണ്ട് നാട്യാചാര്യൻ ഏറെ വേദനിച്ചിട്ടുണ്ട്. ലോകോത്തര കലയായ കഥകളിയുടെ പേരിൽ വയറുപിഴപ്പ് നടത്തുന്ന ഈ പാവങ്ങൾ ചെയ്യുന്നത് എത്ര ലജ്ജാവഹമായ കാര്യമാണെന്ന് അറിയുന്നില്ല.



**യേശുദാസ് കലാദർപ്പണം പുരസ്കാരം 2001 ഓച്ചിറ ശങ്കരൻകുട്ടിക്ക് സമ്മാനിക്കുന്നു. മഹാകവി അക്കിത്തവും പ്രസിദ്ധ നർത്തകൻ ധനഞ്ജയനും സമീപം**

കഥകളിയും നൃത്തവും വേണ്ടത്ര ആദരവോടെ ചില കലാധ്യാപകർ കാണുന്നില്ലെന്ന് നാട്യാചാര്യൻ ഒരിക്കൽ ഒരഭിമുഖത്തിൽ ഓർമ്മിപ്പിച്ചു. കലയല്ല, കമലയാണ് അവരുടെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




**ആർട്ട് & കൾച്ചറൽ മൂവ്മെന്റ് ഓഫ് ഇന്ത്യ സമഗ്ര സംഭാവനാപുരസ്കാരം – 2010 ഓച്ചിറ ശങ്കരൻകുട്ടി കാവാലം നാരായണപ്പണിക്കരിൽനിന്നും സ്വീകരിക്കുന്നു. കലാദർപ്പണം രവീന്ദ്രനാഥ്, കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല മുൻ വൈസ്ചാൻസലർ ഡോ. കെ. ജി. പൗലോസ്, കണ്ണൂർ ബാലകൃഷ്ണൻ എന്നിവർ സമീപം.**

സപ്തതി ആഘോഷിക്കാൻ നാട്യാചാര്യൻ കൂട്ടാക്കിയില്ല. ശതാഭിഷേകം കെങ്കേമമാക്കാൻ തീരുമാനിച്ച് ആരാധകരും നാട്ടുകാരും സമീപിച്ചെങ്കിലും അദ്ദേഹം അവരെ നിരുത്സാഹപ്പെടുത്തി.

ശതാഭിഷേകനാളിൽ ആത്മസുഹൃത്തും ആരാധകനുമായ ചങ്ങൻകുളങ്ങര ഗോപാലകൃഷ്ണപിള്ള സകലകലാവല്ലഭന് എഴുതി സമർപ്പിച്ച ആശംസാകാവ്യം സഹൃദയലോകത്തെ സ്നേഹസന്ദേശമായി.

"ഒരു കുഞ്ഞുപൂവിന്റെ സുന്ദരസുസ്മിതം
ഒരിളം കാറ്റിന്റെ താരിളം സ്പർശനം
ഇടയന്റെ ചൊടിയിലെ പാടുമാമുരളിക
പ്രണവമന്ത്രത്തിലെ സംഗീതസുഭഗത
തുഷാരബിന്ദുവിൽ താവുമാനൈർമല്യം
സായമാം സന്ധ്യയരുളും പ്രശാന്തത
ഇഴചേർത്തുതുന്നുമീ വാക്കുകൾക്കപ്പുറം
ഒഴുകാതൊഴുകുന്ന രാഗമന്ദാകിനി
നിനവിലും കനവിലും ചിന്തകൾ മേയുമ്പോൾ
എല്ലാമാണെല്ലാമാണെന്നിലെ "ശങ്കരൻ"
കറകളഞ്ഞുള്ളോരാ മാനവസ്നേഹത്താൽ
അക്ഷരമായുധമാക്കിച്ചമച്ചവൻ
തെല്ലുമിടറിയില്ലാക്കാൽകളെന്നെന്നും
ധർമ്മമാർഗ്ഗത്തിൽ കുതിച്ചവൻ ധീരനായ്
സൽക്കലാരംഗത്തെ പുത്തനുഷസ്സായി
നിസ്തുലം ശോഭിച്ച മംഗല ജ്യോതിസ്സേ!
ഒന്നല്ലൊരായിരം പൂർണ്ണമതിബിംബം
നന്നായി ദർശിച്ച സുകൃതാതിരേകമേ
ആവോളം തൂകണം സാഹിതീമലരുകൾ
ആയുസ്സതിന്നായിയേകട്ടെയീശ്വരൻ".



നായർ സർവ്വീസ് സൊസൈറ്റിയുടെ ആദരം
ജന: സെക്രട്ടറി പി.കെ. നാരായണപ്പണിക്കരിൽനിന്ന് നാട്യാചാര്യൻ
ഓച്ചിറ ശങ്കരൻകുട്ടി സ്വീകരിക്കുന്നു. കരുനാഗപ്പള്ളി താലൂക്ക് യൂണിയൻ
പ്രസിഡന്റ് അഡ്വ: എൻ.വി. അയ്യപ്പൻപിള്ള സമീപം.



## 11. ജീവിതസായാഹ്നം

മനസും ശരീരവും ജീവിതംതന്നെയും കലയ്ക്കും സാഹിത്യത്തിനുംവേണ്ടി സമർപ്പിച്ച സാംസ്കാരിക നായകൻ. കഥകളിനടൻ, നർത്തകൻ, നൃത്തസംവിധായകൻ, കവി, നോവലിസ്റ്റ്, നാടകകൃത്ത്, അഭിനേതാവ് തുടങ്ങിയ നാനാ മേഖലകളിൽ വ്യാപരിച്ച സർഗ്ഗവൈഭവത്തിന്റെ ഉടമ. എഴുപത്തഞ്ചുവർഷക്കാലത്തെ കലാ-സാഹിത്യ-സാംസ്കാരിക ജീവിതത്തിന്റെ അനുഭവസമ്പത്തുള്ള സകലകലാവല്ലഭൻ.



ഓച്ചിറ വൃശ്ചികമഹോത്സവ സാംസ്കാരിക സമ്മേളനം 1176 വൃശ്ചികം 7 (2000) ഓച്ചിറ പി. ആർ. ശങ്കരൻകുട്ടി സംസാരിക്കുന്നു. തെങ്ങമം ബാലകൃഷ്ണൻ, പ്രൊഫ. എസ്. ഗുപ്തൻനായർ, അശ്വതിതിരുനാൾ ഗൗരി ലക്ഷ്മിഭായ്, ഡോ. പുതുശ്ശേരി രാമചന്ദ്രൻ, ആറമ്പിൽ സുകുമാരൻ ഉണ്ണിത്താൻ എന്നിവർ വേദിയിൽ

ഇരുപത്തൊന്നാം വയസിൽ (1947) ഓച്ചിറ ശങ്കരൻകുട്ടി, അച്ഛന്റെ സഹോദരീപുത്രി ദേവകിഅമ്മയെ വിവാഹം ചെയ്തു. 1948ൽ ചന്ദ്രമോഹനന്റെ ജനനം. കുടുംബത്തുണ്ടായ ചില പൊരുത്തക്കേടുകളാൽ ശങ്കരൻകുട്ടി കീരിക്കാട്, പുല്ലുകുളങ്ങര, പുത്തൻകണ്ടത്തിൽ ഗോവിന്ദപ്പിള്ളയുടേയും ഗൗരിഅമ്മയുടേയും മകൾ പാറുക്കുട്ടി അമ്മയെ രണ്ടാംഭാര്യയായി സ്വീകരിച്ച് വിവാഹം ചെയ്തു (1957) എങ്കിലും സന്താനങ്ങൾ ഇല്ല.

ചന്ദ്രമോഹനൻ ബി.എസ്.എൻ.എൽ. സബ് ഡിവിഷണൽ എൻജിനിയറായിരിക്കെ 2008ൽ കേന്ദ്രസർക്കാർ സേവനത്തിൽനിന്നും വിരമിച്ചു. മുപ്പത്തെട്ടുവർഷത്തെ സേവന

കാലത്ത് ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് വന്നിട്ടുള്ള വികസനത്തിൽ നിർണ്ണായകപങ്കുവഹിച്ചു. മികവുറ്റ സേവനത്തിന് 1990ൽ ഡിപ്പാർട്മെന്റ് ഓഫ് ടെലികമ്മ്യൂണിക്കേഷൻ സഞ്ചാർശ്രീ പുരസ്കാരവും, 2005ൽ ബി.എസ്.എൻ.എൽ. സഞ്ചാർസേവ പഥക് പുരസ്കാരവും നൽകി അദ്ദേഹത്തെ ആദരിച്ചു.



നാല് തലമുറകൾ

കുട്ടനാട്ടിൽ ചമ്പക്കുളം നടുഭാഗം മാരാമുറ്റത്ത് വാസുദേവക്കുറുപ്പിന്റേയും പൊന്നമ്മയുടേയും മകൾ സുകുമാരിഅമ്മയെ ചന്ദ്രമോഹനൻ വിവാഹം ചെയ്തു (1975). ലേഖയും ഹരികുമാറും മക്കൾ. നാട്യാചാര്യന് രണ്ട് പേരക്കിടാങ്ങൾ. ലേഖ, അമ്പലപ്പുഴ കാക്കാഴം സർക്കാർ ഹയർസെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ അദ്ധ്യാപിക. ഹരികുമാർ ദുബായിൽ ടെലികമ്മ്യൂണിക്കേഷൻ എൻജിനീയർ.

ലേഖ, കരുനാഗപ്പള്ളി ആദിനാട്‌വടക്ക്, തറയിൽ കരുണാകരക്കുറുപ്പിന്റേയും കാർത്തിയായനി അമ്മയുടേയും മകൻ വേണുഗോപാലിനെ വിവാഹം ചെയ്തു. സഹകരണവകുപ്പിൽ ആഡിറ്ററാണ് വേണുഗോപാൽ. കൃഷ്ണവേണിയും ചിന്മയനും മക്കൾ.

ഹരികുമാർ, ചേർത്തല തുറവൂർ, വളമംഗലം വടക്ക് ഇന്ദിരാനിവാസിൽ, ഗോപാലകൃഷ്ണൻ നായരുടേയും ഇന്ദിരാമ്മയുടേയും മകൾ ആർഷയെ വിവാഹം ചെയ്തു. കുടുംബസമേതം ദുബായിൽ താമസം. ഉദയശങ്കർ മകൻ. ചിന്മയനും ഉദയശങ്കറും പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ.

കരുനാഗപ്പള്ളി ഗേൾസ് ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയാണ് കൃഷ്ണവേണി. മുതുമുത്തച്ഛന്റെ കലാവൈഭവത്തിനൊരു പിൻമുറക്കാരി. ഓച്ചിറ പി.ആർ.കാട്ടിയ പാതയിൽ അവൾ പ്രതിഭതെളിയിച്ചു. മലയാള പ്രസംഗത്തിന് ചെറുപ്പംമുതലേ സമ്മാനങ്ങൾ വാരിക്കൂട്ടി. ഈ ജനുവരിയിൽ തിരുവനന്തപുരത്ത് നടന്ന 56-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ‘എ’ ഗ്രേഡ് നേടി. ലൈബ്രറി കൗൺസിൽ, സഹകരണവകുപ്പ് എന്നിവയുടേതുൾപ്പെടെ നിരവധി ഒന്നാംസമ്മാനങ്ങൾ നേടിയിട്ടുണ്ട്. 2013ൽ ചങ്ങൻകുളങ്ങര എസ്.ആർ.വി. യു.പി. സ്കൂളിൽ പഠിക്കുമ്പോൾ, സ്കൂൾ കുട്ടികൾക്കായി ദേശീയതലത്തിൽ സംഘടിപ്പിച്ച ഇൻസ്പയർ സയൻസ് എക്സിബിഷനിൽ സ്വന്തം പ്രോജക്ട് അവതരിപ്പിച്ച് മികവുകാട്ടി. ന്യൂഡൽഹി പ്രഗതി മൈതാനിയിൽ നടന്ന ചടങ്ങിൽവച്ചും തൊട്ടുമുൻപ് കരുനാഗപ്പള്ളിയിൽ



**വാത്സല്യപൂർവ്വം കൃഷ്ണവേണിക്ക്**
**– ഡോ. എ.പി.ജെ. അബ്ദുൽകലാം**

വന്നപ്പോഴും കൃഷ്ണവേണിയുടെ പ്രോജക്ട് മികവുകണ്ട് ഡോ. എ.പി.ജെ. അബ്ദുൾകലാം അവളെ അടുത്തുപിടിച്ച് അനുമോദിച്ചു. 2015 ഡിസംബറിൽ ചാണ്ഡിഗഡിൽ നടന്ന ദേശീയ ബാലശാസ്ത്ര കോൺഗ്രസിലും പ്രോജക്ട് അവതരിപ്പിച്ച് ശ്രദ്ധനേടിയ കേരളത്തിന്റെ ചൈൽഡ് സയന്റിസ്റ്റാണ് കൃഷ്ണവേണി.

ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ടവരുമായി ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി ആത്മാർത്ഥമായ സ്നേഹബ്ധം കാത്തുസൂക്ഷിച്ചു. പ്രയാർ ഗോപാലകൃഷ്ണൻ, സി.കെ. ആനന്ദൻപിള്ള, നാടകാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടി ഭാഗവതർ, വിദ്വാൻ ഇസഹാക്ക് സാഹിബ്, രാജാ ശ്രീകുമാർവർമ്മ, രാമകൃഷ്ണവാര്യർ, ഡോ. എഴുമറ്റൂർ രാജരാജവർമ്മ, ഓച്ചിറ ടി.ജെ. ഉണ്ണികൃഷ്ണൻ, കല്ലേലിൽ ശ്രീധരൻപിള്ള, നാമ്പോഴി കളീക്കൽ ഗോവിന്ദപ്പിള്ള,

അഡ്വ. ഹരികുമാർ, വവ്വാക്കാവ് സോമരാജൻ, വരവിള ശ്രീനി, സംഗീതജ്ഞൻ തകഴി വിജയൻ എന്നിവർ ആത്മമിത്രങ്ങൾ.

2013 മേയ് 6 തിങ്കളാഴ്ച ഉച്ചതിരിഞ്ഞു. ഉച്ചഭക്ഷണം കഴിഞ്ഞ് നാട്യാചാര്യൻ പൂമുഖത്ത് വിശ്രമിക്കവേ വാതിൽപ്പടിയിൽ തട്ടിവീണു. വേഗം കിടക്കയിലേക്ക് മാറ്റി. ഒന്നും പറ്റിയില്ല. അടുത്തദിവസം പരസഹായത്തോടെയാണ് കിടക്കയിൽനിന്ന് എഴുന്നേറ്റത്. അങ്ങിങ്ങ് ദേഹംവേദനയുണ്ട്. ദിവസം കഴിയുന്തോറും കിടക്കയിൽനിന്ന് എഴുന്നേൽക്കേണ്ട എന്നായി. ആഹാരവും മടുത്തുതുടങ്ങി.

മേയ് 16 വ്യാഴം. വലിയകുളങ്ങര ദേവീക്ഷേത്രത്തിൽ നിന്നുയർന്ന–

"പ്രകൃതികാരിണീ! നടനരൂപിണീ!
ത്രിപുരസുന്ദരീ! സ്വയംഭൂവേ!
വിളയാടേണം നീ മമഹൃത്തിൽ, വലിയ–
കുളങ്ങര വാഴും വനദുർഗ്ഗേ!..."

എന്ന സ്വന്തം കീർത്തനം കേട്ടുണർന്ന സുപ്രഭാതം. തലയൽപ്പം ഉയർത്തിവയ്ക്കണമെന്ന് നാട്യാചാര്യൻ നിർദ്ദേശിച്ചു. മകനും മരുമകളും സഹായിച്ചു. രക്തസമ്മർദ്ദത്തിനും പ്രമേഹത്തിനും മരുന്നുകൾ കഴിച്ചു. വിശ്രമിച്ചു. മൂന്നുമണിയോടെ കുറുകുറുപ്പും ശ്വാസതടസവും അനുഭവപ്പെട്ടുതുടങ്ങി. ബന്ധുക്കളും ആരാധകരും ഓടിക്കൂടി. വൈകിട്ട് അഞ്ചുമണി. രംഗം വഷളായിക്കൊണ്ടിരുന്നു. കൺപോളകൾ ആടിത്തുടങ്ങി. നാട്യാചാര്യൻ വിസ്മൃതിയിലേക്ക് വീഴാൻ സമയമടുത്തു. കൃഷ്ണവേണി മുതുമുത്തച്ഛന്റെ ചുണ്ടിൽ തുളസിജലം വീഴ്ത്തിക്കൊടുത്തു. ഉൽക്കണ്ഠ നിറഞ്ഞ നിമിഷങ്ങൾ ഇഴഞ്ഞുനീങ്ങി.


ഉറ്റോരും ഉടയോരും സാക്ഷിയായി ഓച്ചിറയുടെ നാട്യാചാര്യൻ ഭൗതികദേഹം വെടിഞ്ഞ്, മായാത്ത കാൽപ്പാടുകൾ അടയാളപ്പെടുത്തി ജീവിതത്തിൽനിന്ന് മാഞ്ഞുപോയി!

മേയ് 17 വെള്ളിയാഴ്ച മൂന്നുമണിയോടെ സംസ്കാരച്ചടങ്ങുകൾ തുടങ്ങി. ജീവിതത്തിന്റെ വിവിധതുറകളിൽപ്പെട്ട ആരാധകർ അന്ത്യാഞ്ജലികൾ അർപ്പിച്ചു. വലിയകുളങ്ങര പരമേശ്വര മന്ദിരം വീട്ടുവളപ്പിൽ മകൻ ചന്ദ്രമോഹനൻ ചിതയ്ക്ക് തീകൊളുത്തി. കറുത്ത കട്ടിപ്പുക ആകാശത്തേക്ക് കുമിഞ്ഞുപൊങ്ങി. പരിസരം ശോകമൂകമായി.

സമാനതകളില്ലാത്ത സാംസ്കാരിക പൈതൃകം ബാക്കിവെച്ച സകലകലാവല്ലഭന് മലയാളം യാത്രാമൊഴി നൽകി ●

മാതൃഭൂമി • 2013 മെയ് 17 • വെള്ളിയാഴ്ച

# നാട്യാചാര്യൻ ഓച്ചിറ പി.ആർ.ശങ്കരൻകുട്ടി അന്തരിച്ചു




ഓച്ചിറ പി.ആർ.ശങ്കരൻകുട്ടി

**കൊല്ലം:** പ്രശസ്ത കഥകളിനടനും നർത്തകനും നാട്യാചാര്യനുമായ ഓച്ചിറ പി.ആർ.ശങ്കരൻകുട്ടി(87) അന്തരിച്ചു. ഗുരു ഗോപിനാഥ് രൂപകല്പന ചെയ്ത കേരളനടനത്തിന്റെ പ്രയോക്താക്കളിൽ പ്രമുഖനും പ്രചാരകനുമാണ്. നൃത്തസംവിധായകൻ, നാടകകൃത്ത്, കവി, നോവലിസ്റ്റ് എന്നീ നിലകളിലും വ്യാപരിച്ചു.

1950 കളിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തോടൊപ്പമായിരുന്നു പ്രവർത്തനം. ആഭിജാത്യ വിഷപ്പാമ്പ്, മനുഷ്യത്വം, മനുഷ്യൻ മുന്നേറുന്നു, ഐക്യമുന്നണി എന്നീ നാടകങ്ങൾ രചിച്ച് അക്കാലത്ത് രംഗത്തവതരിപ്പിച്ചു. പിന്നീട് ഓച്ചിറ ശ്രീമാരുതി നൃത്തകലാക്ഷേത്രത്തിനുവേണ്ടി കേരളനടനശൈലിയിൽ കൃഷ്ണാർജുനീയം, മാളവിക, ഹിരണ്യൻ, ഭദ്രകാളിവിജയം തുടങ്ങി ഒട്ടേറെ ബാലെകളും നൃത്തനാടകങ്ങളും സംവിധാനം ചെയ്തു. ടി.ആർ.ഓമനയും ബേബി ഗിരിജയും പ്രധാന ശിഷ്യരാണ്. 1948 ൽ മദ്രാസ് ജെമിനി സ്റ്റുഡിയോ നിർമ്മിച്ച തമിഴ് ചലച്ചിത്രമായ ചന്ദ്രലേഖ, മങ്കമ്മശപഥം എന്നിവയിൽ നർത്തകനായി വേഷമിട്ടു. നാട്യാചാര്യൻ ഉദയശങ്കറിനോടൊപ്പം ഭാരതത്തിലുടനീളം നൃത്തങ്ങൾ അവതരിപ്പിച്ചു. കേരള സംഗീതനാടക അക്കാദമി അവാർഡ്, ആചാര്യവന്ദനം പുരസ്കാരം, കലാദർപ്പണം അവാർഡ്, സ്വരലയ-കൈരളി പുരസ്കാരം, ഓച്ചിറ വേലുക്കുട്ടി പുരസ്കാരം, ഓച്ചിറ പരബ്രഹ്മ പുരസ്കാരം തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾ ലഭിച്ചു. 2004 മുതൽ കേരള സംഗീതനാടക അക്കാദമി ഭരണസമിതി അംഗമായിരുന്നു. ഓച്ചിറ വേലുക്കുട്ടി കലാകേന്ദ്രം രക്ഷാധികാരിയായിരുന്നു.

ഭാര്യ: പരേതയായ ദേവകിയമ്മ. മകൻ: ചന്ദ്രമോഹനൻ (റിട്ട.ബി.എസ്.എൻ.എൽ. സബ് ഡിവിഷണൽ എൻജിനിയർ). മരുമകൾ: പി. സുകുമാരിയമ്മ. ശവസംസ്കാരം വെള്ളിയാഴ്ച മൂന്നിന് വീട്ടുവളപ്പിൽ.



മുംബൈ
റ്റിൽ വാ
ശം 45,0
ത്തേക്കാ
ഐ.പി.
ക്കിക്കൊ
വന്ന വാ
ക്കുപിന്ന്
നേതാവ്
ണ്ടെന്ന്
ട്ടുണ്ട്.
ന്നിൽ
ന്നും മു
ണെന്നും
മ്മീഷണ
ക്തമാക്ക
ത് ദാവൂ
ദാവൂ

**നാട്യാചാര്യന്റെ ചരമവാർത്ത മാതൃഭൂമി *2013 മെയ് 17* വെള്ളിയാഴ്ച**

സഹായഗ്രന്ഥങ്ങൾ, നാട്യാചാര്യനെക്കുറിച്ച് മലയാള പത്ര-മാസികകളിൽ പ്രസിദ്ധീകരിച്ച പ്രധാനലേഖനങ്ങൾ, സംഭാഷണമൊഴികൾ.


1. കേരളകലാമണ്ഡലം- ഇന്നത്തെ കലാകാരന്മാർ, മാർച്ച് 1995, പുറം 169, 170
2. പ്രൊഫ. അയ്മനം കൃഷ്ണകൈമ്മൾ- കഥകളി വിജ്ഞാനകോശം, മാർച്ച് 1986, പുറം 680, 681
3. തെങ്ങമം ബാലകൃഷ്ണൻ- നിറക്കൂട്ടില്ലാതെ (ആത്മകഥ), ജനുവരി 2009, പുറം 79, 80
4. ഡോ. ചേരാവള്ളി ശശി - പഥികർ പാതകൾ, ജൂൺ 2011, പുറം 124-128.
കേരളകൗമുദി ദിനപത്രം വാരാന്ത്യം
കലയ്ക്കുവേണ്ടി അവിരാമം, 2004 ഏപ്രിൽ 25.
5. പ്രൊഫ. പി. രാധാകൃഷ്ണക്കുറുപ്പ്- ഓച്ചിറയുടെ നാട്യാചാര്യൻ ഓർമ്മയിൽ. ഉണർവ്- 2014 ക്ലാപ്പന പ്രിയദർശിനി കലാ-സാംസ്കാരികവേദി സുവനിർ, പുറം 37, 38.
6. മണപ്പള്ളി ഉണ്ണികൃഷ്ണൻ- നാട്യ കലാചാര്യൻ, ആശ്രയ മാതൃനാട് മാസിക 2016 ജൂലൈ 1
7. സി.ആർ. പ്രഭ- മാതൃഭൂമി ദിനപത്രം, നഗരം സപ്ലിമെന്റ്. നാട്യാചാര്യൻ ഓച്ചിറ ശങ്കരൻകുട്ടി, 2013 മേയ് 22
8. പെരുമ്പളം രവി- മാതൃഭൂമി ദിനപത്രം കലാരംഗം. ഓച്ചിറ ശങ്കരൻകുട്ടി, 1979 ജനുവരി 12
9. നീലികുളം കുട്ടൻപിള്ള- സംഭാഷണമൊഴികൾ
10. പ്രഭാകരൻ വള്ളിക്കാവ്- സംഭാഷണമൊഴികൾ

11. ആദിനാട് തുളസി- മലയാളം വാരിക, നടനമൗനമീ ശങ്കരധ്യാനം- ജീവിതരേഖ, 1178 തുലാം 22, പുറം 72, 73

12. ക്ലാപ്പന സുലൈമാൻ- വീക്ഷണം ദിനപത്രം കലാലോകം, ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി, 1984 ജനുവരി 7

13. പോണാൽ നന്ദകുമാർ- ജനയുഗം ദിനപത്രം അരങ്ങും അണിയറയും. ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി, കമ്മ്യൂണിസ്റ്റുകാരനായ നടനവ്യക്തിത്വം, 2008 സെപ്റ്റംബർ 6.

14. ആർ. രാജീവ്- മലയാളമനോരമ ദിനപത്രം, അരങ്ങ്, കലാസപര്യയുടെ ആറ് ദശകങ്ങൾ. 1996 സെപ്റ്റംബർ 29

15. ലക്ഷ്മണൻ എം.ആചാരി- ന്യൂസ് ഇൻ ന്യൂസ് ദിനപത്രം, മായാത്ത കാൽപ്പാടുകൾ ആത്മസമർപ്പണത്തോടെ സകലകലാവല്ലഭൻ, 2013 മേയ് 25

16. ജന്മഭൂമി ദിനപത്രം, കലാരംഗം. നടനരംഗത്തെ കുലപതി, 2001 ഫെബ്രുവരി 8

17. ആർ.വി. രാധാകൃഷ്ണപിള്ള കരുനാഗപ്പള്ളി- സർവ്വീസ് ദ്വൈവാരിക, ഓച്ചിറ പി.ആർ. ശങ്കരൻകുട്ടി, 15 ഡിസംബർ 2000, പുറം 20, 21

18. കലാദർപ്പണം ആർട്ടിസ്റ്റ് ഡയറക്ടറി 2000, പുറം 36

19. ഇയ്യച്ചേരി- പ്രോഹിബിഷൻ മാസിക- ഈ പുസ്തകമൊന്നു വായിക്കണം: ഓച്ചിറ ശങ്കരൻകുട്ടി എഴുതിയ സർപ്പസത്രം, സെപ്റ്റംബർ 2003, പുറം 7, 8

20. ഡോ. എൻ. വിജയകൃഷ്ണൻ, പ്രോഹിബിഷൻ മാസിക- മദ്യനിരോധനത്തിനുവേണ്ടി ഒരു നോവൽ, ജനുവരി 2004, പുറം 10-13

21. കെ.ജി. ജോർജ്- വെള്ളിത്തിര 100 'ചന്ദ്രലേഖ'യിലെ നൃത്തരംഗം. ദേശാഭിമാനി ദിനപത്രം വാരാന്തപ്പതിപ്പ്, 2008 ജനുവരി 13.

## നാട്യാചാര്യൻ ഓച്ചിറ പി.ആർ. ശങ്കരൻകുട്ടിയുടെ കൃതികൾ

| | | |
|---|---|---|
| കാത്തിരിപ്പ് | - | കവിതാസമാഹാരം |
| വിധിവൈചിത്ര്യം<br>അഥവ വിജയൻ | - | നാടകീയഗാനകാവ്യം |
| മനുഷ്യൻ മുന്നേറുന്നു | - | നൃത്തനാടകം |
| ഐക്യമുന്നണി | - | നാടകം |
| മനുഷ്യത്വം | - | നാടകം |
| തിരിച്ചടി | - | നാടകം |
| സർപ്പസത്രം | - | നോവൽ |